I.ഇ.ബി. XII-കേരള നിയമസഭ/VII-4

# പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഫെബ്രുവരി 27, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

വ്യവസായ വകുപ്പിന്റെവക ഭൂമി സ്വകാര്യ കമ്പനികൾക്ക് വിറ്റ നടപടി

മി. സ്പീക്കർ: കഞ്ചിക്കോട് വ്യവസായ മേഖലയിലെ വ്യവസായ വകുപ്പിന്റെ വിലപിടിപ്പുള്ള ഭൂമി കീഴ്‌വഴക്കങ്ങൾക്ക് വിരുദ്ധമായി സ്വകാര്യ കമ്പനികൾക്ക് തുച്ഛമായ വിലയ്ക്കുനൽകി സംസ്ഥാനത്തിന് വമ്പിച്ച നഷ്ടം വരുത്തിയതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.സി. വേണുഗോപാൽ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കഞ്ചിക്കോട്ടു വ്യവസായ മേഖലയിലുള്ള വ്യവസായ വകുപ്പിന്റെ വിലപിടിപ്പുള്ള ഭൂമി

തുച്ഛമായ വിലയ്ക്ക് ഒ.കെ. ഗ്യാസസ്, എം.പി. ഹോൾഡിംഗ്, 'കെൽ' തുടങ്ങിയ കമ്പനികൾക്ക് വിറ്റിരിക്കുന്നു എന്നാണ് ആരോപണം. പൊതു മേഖലാ സ്ഥാപനമായ 'കെൽ' ഭൂമി വാങ്ങുകയോ വിൽക്കുകയോ ചെയ്തിട്ടില്ല. ഫുഡ് പ്രോസസ്സിംഗ് യൂണിറ്റായ എം.പി. ഹോൾഡിംഗിന് ഒരേക്കറും ട്രാൻസ്ചെക്ക് എഞ്ചിനീയറിംഗ് ആൻഡ് മാനുഫാക്ചറിംഗ് ഇൻഡസ്ട്രീസിന് ഒരേക്കറും ഒ.കെ. ഗ്യാസിന് ഒരേക്കറും പുതുശ്ശേരി പട്ടികജാതി അമ്പ്രല്ലാ സഹകരണ സംഘത്തിന് 20 സെന്റ് സ്ഥലം നൽകുകയും ദേശീയ പാതയുടെ വികസനത്തിന് 60 സെന്റ് സ്ഥലം മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ വികസന ഏരിയയിൽ ഭൂമി അലോട്ടുചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കും ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസിനും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ കിട്ടുന്ന അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പരിശോധിച്ച് അനുയോജ്യമാണെങ്കിൽ അലോട്ടുമെന്റിന് റെക്കമെൻഡ് ചെയ്യുകയും ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ആ റെക്കമെൻഡേഷൻ സ്വീകരിച്ച് ശുപാർശ ചെയ്യുകയും ചെയ്താൽ ഗവൺമെന്റിന്റെ നിലവിലുള്ള 1970-ലെ നോംസ് അനുസരിച്ച് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരാണ് അലോട്ടുമെന്റ് നൽകുന്നത്. അതിനുശേഷം നോംസ് അനുസരിച്ചുള്ള വില ഭൂമിക്ക് നിശ്ചയിക്കുന്നു. ഈ നോംസിൽ ഒരു ലംഘനവുമുണ്ടായിട്ടില്ല. ഹയർ പർച്ചേസ് അടിസ്ഥാനത്തിൽ 20 ശതമാനം തുക അടച്ച് ബാക്കി ഗഡുക്കളായി അടയ്ക്കാൻ അനുമതി നൽകുന്നത് ചെറുകിട വ്യവസായികളെ സഹായിക്കുന്നതിനുവേണ്ടിയാണ്. റൂൾ അനുസരിച്ച് മോർട്ടുഗേജ് ചെയ്യാൻ വ്യവസായികൾക്ക് അവകാശ

മുണ്ട്. മാത്രമല്ല, അലോട്ട് ചെയ്തുകഴിഞ്ഞാൽ 6 മാസത്തിനുള്ളിൽ വ്യവസായം തുടങ്ങണമെന്നും അങ്ങനെ തുടങ്ങിയില്ലെങ്കിൽ ആ അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാനും വ്യവസ്ഥയുണ്ട്. വ്യവസായ ആവശ്യത്തിനുമാത്രമേ ഈ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ. മുഴുവൻ തുകയും അടച്ചതിനുശേഷം പട്ടയത്തിന് അപേക്ഷിച്ചാൽ പട്ടയം നൽകുന്നതിനും പട്ടയം ലഭിച്ചതിനുശേഷം വ്യവസായം അടച്ചുപൂട്ടിയാൽ പ്രസ്തുത പട്ടയം റദ്ദുചെയ്ത് ഗവൺമെന്റിന് തിരിച്ചെടുക്കാനും ഇതിൽ വ്യവസ്ഥയുണ്ട്. കേരളത്തിലെ എസ്.എസ്.ഐ. യൂണിറ്റുകളെ സഹായിക്കുന്നതിനുവേണ്ടി വിവിധ കാലങ്ങളിൽ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള നയത്തിന്റെ ഭാഗമായിട്ടാണ് ഇത് വന്നിരിക്കുന്നത്. ചെറുകിട വ്യവസായികളുടെ ഉല്പന്നങ്ങൾക്ക് 15 ശതമാനം പ്രൈസ് പ്രിഫറൻസ് നൽകുക എന്നത് പുന:സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുകയാണ്. കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ക്ഷേമപദ്ധതി എർപ്പെടുത്താൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മാർക്കറ്റ് വില നോക്കി ഒരുകാലത്തും ചെറുകിട വ്യവസായികൾക്ക് ഭൂമി അലോട്ടുചെയ്തിട്ടില്ല. അതുകൊണ്ട് കേരളത്തിലെ 4 ലക്ഷത്തോളം വരുന്ന ചെറുകിട വ്യവസായികളേയും ചെറിയ മുതൽമുടക്കുമായി കടന്നുവരുന്നവരേയും നിരുത്സാഹപ്പെടുത്തുന്ന ഒരു സമീപനം പ്രതിപക്ഷം സ്വീകരിക്കരുത്.

ശ്രീ. കെ.സി. വേണുഗോപാൽ: ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചെറുകിട വ്യവസായ രംഗത്തോടുകാണിക്കുന്ന താല്പര്യത്തോട് മതിപ്പു തോന്നുകയാണ്. എം.പി. ഡിസ്റ്റിലറിയാണ് കേരളത്തിലെ ഏറ്റവും ചെറുകിട വ്യവസായ സംരംഭമായി പറയുന്നത്. യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് ഇതേ ഭൂമി സെന്റിന് 440 രൂപവച്ച് വിൽപ്പന നടത്താൻ തീരുമാനിച്ചപ്പോൾ നിയമസഭയിൽ പ്രക്ഷോഭമുണ്ടായതിനെത്തുടർന്ന് പാലക്കാട് ജില്ലാകളക്ടർ വില നിശ്ചയിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ മുഖ്യമന്ത്രി ആ വിൽപ്പന 2005-ൽ ക്യാൻസൽ ചെയ്തു. ഇതേ പ്ലോട്ടിലാണ് 60 സെന്റ് ഭൂമി സെന്റിന് 27,500 രൂപവച്ച് ദേശീയ പാതയുടെ വികസനത്തിനുവേണ്ടി കൊടുത്തത്. ആ കണക്കുവച്ചു നോക്കിയാൽ 84 ലക്ഷം രൂപ കിട്ടേണ്ട സ്ഥാനത്താണ് ഇപ്പോൾ 5 ലക്ഷം രൂപയ്ക്ക് 3 വ്യവസായികൾക്കായി 3.20 ഏക്കർ ഭൂമി വിൽപ്പന നടത്തിയിരിക്കുന്നത്. ഈ ഭൂമിക്ക് ഇപ്പോൾ സെന്റിന് ഒരു ലക്ഷം രൂപ മാർക്കറ്റ് വിലയുണ്ട്. വ്യവസായ വകുപ്പ് ഡയറക്ടർക്കാണ് ഇതിനുള്ള അപേക്ഷ കൊടുത്തിരിക്കുന്നത്. എം.പി. ഡിസ്റ്റിലറി ചെറുകിട വ്യവസായ യൂണിറ്റല്ല. ഇവിടെ വ്യക്തമായ ഗൂഢാലോചന നടന്നിട്ടുണ്ട് എന്നുള്ളതും മന്ത്രിക്ക് ഇതിൽ പങ്കുണ്ട് എന്നുള്ളതും വ്യക്തമാണ്. അതുകൊണ്ട് ഈ വിൽപ്പന റദ്ദാക്കുകയും ഇതിനുവേണ്ടി നടന്നിട്ടുള്ള ഗൂഢാലോചനയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുകയും കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുകയും സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യുകയും വേണമെന്ന് ആവശ്യപ്പെടുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയയിലും ഡെവലപ്മെന്റ് പ്ലോട്ടിലും ഭൂമി ഹയർ പർച്ചേസ് ചെയ്യുന്നത് സംബന്ധിച്ച് 1970-ലെ ഗവൺമെന്റ് ഉത്തരവ് അനുസരിച്ചാണ് വിൽപ്പന നടന്നിട്ടുള്ളത്. മാർക്കറ്റ് വില നോക്കിയല്ല

വ്യവസായികൾക്ക് ഭൂമി അലോട്ടു ചെയ്യുന്നത് അങ്ങനെ ചെയ്താൽ കേരളത്തിൽ വ്യവസായം വരില്ല. ഇത് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഒരു വ്യവസായ നയമാണ്. കേരളത്തിന്റെ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് ഓരോ വ്യവസായിക്കും വികസനത്തിനും ഭൂമി നൽകുന്നത്. പട്ടയത്തിനുള്ള അപേക്ഷ വ്യവസായ വകുപ്പ് ഡയറക്ടർക്കോ മന്ത്രിക്കോ കിട്ടിയാൽ അത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അയയ്ക്കും. അദ്ദേഹത്തിനാണ് ഇത് റെക്കമെൻഡ് ചെയ്യുന്നതിനും അലോട്ടുമെന്റ് ഓർഡർ ഒപ്പിടുന്നതിനുമുള്ള അധികാരം. ഈ കാര്യത്തിലും അങ്ങനെതന്നെയാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിലെ ചെറുകിട വ്യവസായങ്ങളെ അവതാളത്തിലാക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകരുത്. ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കും. ഇക്കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചണ്ടി, കെ.എം മാണി, സി.ടി. അഹമ്മദ് അലി എന്നീ ബഹുമാനപ്പെട്ട പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോകുകയും അല്പ സമയത്തിനുശേഷം സഭയിൽ ഹാജരാകുകയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

(1) വികസനപ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബാബു പോൾ : സംസ്ഥാനത്ത് പൊതുആവശ്യങ്ങൾക്കും വികസന പദ്ധതികൾക്കും സ്ഥലം ഏറ്റെടുക്കുമ്പോൾ സ്ഥലമുടമകൾ നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നതുമൂലം ഭൂഉടമകളുടെ ഭാഗത്തുനിന്ന് ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവരുന്നു. യഥാസമയം സ്ഥലം കിട്ടാത്തതിനാൽ പല പദ്ധതികളും ഉപേക്ഷിക്കേണ്ടിവരുന്നുണ്ട്. താനൂർ-ഗുരുവായൂർ, അങ്കമാലി-ശബരി എന്നീ റെയിൽപാതയ്ക്ക് സ്ഥലമേറ്റെടുത്ത് നൽകാൻ സാധിക്കാത്തതിനാൽ ഇത് അനന്തമായി നീണ്ടുപോകുന്നു. സ്മാർട്ട് സിറ്റിക്കും ഇതുവരേയും പൂർണ്ണമായും സ്ഥലമേറ്റെടുത്ത് നൽകാൻ കഴിഞ്ഞിട്ടില്ല. വികസന പദ്ധതികൾക്ക് സ്ഥലം അത്യാവശ്യമാണ്. ഇതിനുവേണ്ടി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂഉടമകൾക്ക് ഭൂമിയുടെ . യഥാർത്ഥ വില കണക്കാക്കി നഷ്ടപരിഹാരം നിശ്ചയിക്കണം.. തുച്ഛമായ ഭൂമി മാത്രം കൈവശമുള്ളവരെ ഒഴിപ്പിക്കേണ്ടി വരുമ്പോൾ അവരുടെ പുനരധിവാസം ഗവൺമെന്റ് ഏറ്റെടുക്കണം. തൊഴിൽ സാദ്ധ്യതയുള്ള വികസനത്തിനായിട്ടാണ് ഭൂമി ഏറ്റെടുക്കുന്നതെങ്കിൽ ആ കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ ഉറപ്പ് നൽകണം. പുനരധിവാസ സൗകര്യം ഏർപ്പെടുത്തുന്നതുവരെ നിശ്ചിത കാലയളവിലേയ്ക്കെങ്കിലും വീട്ടുവാടക നൽകാൻ ഗവൺമെന്റ് തയ്യാറാകണം. വികസന ആവശ്യങ്ങൾക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂഉടമയ്ക്ക് നൽകുന്ന നഷ്ടപരിഹാരത്തെ സംബന്ധിച്ച് ഒരു പൊതു സാമൂഹ്യ സുരക്ഷാ പാക്കേജ് നിശ്ചയിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ്

സന്നദ്ധമായാൽ കാലതാമസം കൂടാതെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ സാധിക്കും.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്യേണ്ടതും അടിയന്തിരമായി പരിഹാരം കാണേണ്ടതുമായ വിഷയമാണ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ. യഥാസമയം സ്ഥലം ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാനത്ത് വിവിധ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഗുരുവായൂർ-താനൂർ, അങ്കമാലി ശബരി റെയിൽപാതകൾക്ക് സ്ഥലം ഏറ്റെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഭൂമിയുടെ വില അനുദിനം ഉയർന്നുകൊണ്ടിരിക്കുന്നതിനാൽ നിലവിലുള്ള നിയമമനുസരിച്ച് തുച്ഛമായ വിലയിക്ക് ഭൂമി ഏറ്റെടുക്കാൻ കഴിയുന്നില്ല. കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസവും ജീവിത നിലവാരവും ഉറപ്പുവരുത്തുന്നതിനും സാമൂഹിക സാംസ്ക്കാരിക ബന്ധങ്ങൾ പുന: സ്ഥാപിക്കുന്നതിനും മാനവികതയിലധിഷ്ഠിതമായ സമീപനം സ്വീകരിച്ചേ മതിയാകൂ. ഇത് എല്ലാ സംസ്ഥാനങ്ങളും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്. അതിന്റെയടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് ദേശീയ പുനരധിവാസ നയം രൂപീകരിക്കാനും ലാന്റ് അക്വിസിഷൻ ആക്ടിൽ ഭേദഗതി വരുത്തണമെന്ന് പ്രഖ്യാപിക്കാനും നിർബന്ധിതമായത്. വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂ ഉടമകളുടേയും കൃഷിക്കാരുടേയും കുടിയാൻമാരുടേയും ഭൂമിയെ ആശ്രയിച്ച് കഴിയുന്ന കർഷകത്തൊഴിലാളികളുടെ താൽപര്യങ്ങൾ കൂടി സംരക്ഷിക്കുന്ന ഒരു നിയമം കൊണ്ടുവരുമെന്ന് കേന്ദ്ര ഗവൺമെന്റ് ഈയിടെ പ്രഖ്യാപിച്ച നയരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. കുടിയൊഴിപ്പിക്കുന്ന കുടുംബത്തിലെ

ഒരാൾക്ക് തൊഴിലും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്തി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കിയാണ് ഇപ്പോൾ ചില പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നത്. സാമൂഹ്യ സുരക്ഷാ പദ്ധതിയിലൂടെ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് പകരം വീടുവയ്ക്കാനുള്ള സ്ഥലം, വീടുവയ്ക്കുന്നതുവരെ താമസിക്കുന്നതിനുള്ള വാടക, തൊഴിൽ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെല്ലാം ഏർപ്പെടുത്തിക്കൊണ്ടാണ് ഭൂമി സർക്കാർ ഏറ്റെടുക്കുന്നത്. വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത രൂപത്തിൽ തദ്ദേശവാസികളുടേയും കുടിയൊഴിപ്പിക്കപ്പെടുന്നവരുടേയും സഹകരണത്തോടുകൂടി ഭൂമി ഏറ്റെടുക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.

(2) തീരപ്രദേശങ്ങളെ കേന്ദ്ര തീരദേശപരിപാലന നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ.വി.ഡി. സതീശൻ : 1986-ലെ കേന്ദ്ര എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ടും ചട്ടവും അനുസരിച്ച് തീരദേശം മുഴുവൻ കോസ്റ്റൽ റെഗുലേഷൻ സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ തീരപ്രദേശത്തുള്ള വളരെ കുറച്ച് പഞ്ചായത്തുകൾ മാത്രമാണ് കേരള ബിൽഡിംഗ് റൂൾസിന്റെ പരിധിയിൽ ഉണ്ടായിരുന്നത്. എന്നാൽ 2007 ജൂൺ മാസത്തോടുകൂടി കേരളത്തിലെ എല്ലാ പഞ്ചായത്തുകളും കേരള ബിൽഡിംഗ് റൂൾസിന്റെ പരിധിയിൽ വന്നതിന്റെ ഫലമായി തീരദേശം മുഴുവൻ കോസ്റ്റൽ റെഗുലേഷൻ സോണായി പ്രഖ്യാപിച്ച്, വളരെ കർശനമായ നിബന്ധനകൾ കൊണ്ടുവന്നതുകാരണം തീരപ്രദേശം, നദി, തോട്, പാടശേഖരങ്ങൾ എന്നിവയക്കുസമീപം ഒരു നിശ്ചിത ദൂരപരിധിവരെ ഒരു നിർമ്മാണ പ്രവർത്തനങ്ങളും അനുവദിക്കാത്ത അവസ്ഥ

ഉണ്ടായിരിക്കുകയാണ്. ഇതുമൂലം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സാധാരണക്കാരായ ജനങ്ങൾക്ക് സുനാമി പുനരധിവാസം ഉൾപ്പെടെ അർഹതപ്പെട്ട നിരവധി ആനുകൂല്യങ്ങൾ ലഭിക്കാതെപോകുന്നു. കൂടാതെ ഈ കേന്ദ്ര നിയമം കാരണം ഈ ദൂരപരിധിക്കുള്ളിൽ ഇതിനോടകം നിർമ്മാണം പൂർത്തിയാക്കിയ വീടുകൾക്ക് നമ്പർ കൊടുക്കാൻ സാധിക്കുന്നില്ല. വീടിന് നമ്പർ ഇല്ലാത്തതുകാരണം വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ, റേഷൻ കാർഡ് എന്നിവയും കൊടുക്കാൻ കഴിയുന്നില്ല. മറ്റൊരു പ്രശ്നം സ്വാമിനാഥൻ കമ്മീഷൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ തീരദേശത്തുനിന്ന് 12 നോട്ടിക്കൽ മൈൽ ദൂരം മത്സ്യബന്ധനം പാടില്ലായെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഇത് കേരളത്തിലെ ചെറുകിട മത്സ്യത്തൊഴിലാളികളെ സാരമായി ബാധിക്കും. എന്നാൽ ഇക്കാര്യത്തിൽ ബംഗാൾ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ഈ സംസ്ഥാനങ്ങൾക്ക് അനുവദിച്ച എക്സംഷൻ നേടിയെടുക്കുകയും സി.ആർ.ഇസഡ് നോട്ടിഫിക്കേഷൻമൂലം കേരളം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): 1986-ലെ കേന്ദ്ര നിയമമനുസരിച്ച് 1991-ലെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സി.ആർ.ഇസഡ്. നോട്ടിഫിക്കേഷൻ പ്രകാരം കടൽ, കായൽ, പുഴ എന്നിവയുടെ തീരങ്ങളെ കോസ്റ്റൽ റെഗുലേഷൻ സോണായി പ്രഖ്യാപിക്കുകയും ഒരു നിശ്ചിത ദൂരപരിധിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള സാധാരക്കാർക്ക് തീരദേശ മേഖലയിലും മറ്റും വീടുവയ്ക്കുന്നതിന്

ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കൂടുതൽ ഗ്രാമപ്രദേശങ്ങളെ നഗരപ്രദേശങ്ങളെപ്പോലെ സി.ആർ.ഇസഡ് II-ന്റെ പരിധിയിലാക്കി മാറ്റുന്നതിനുള്ള നിർദ്ദേശം സംസ്ഥാന തീരദേശ നിയന്ത്രണ അതോറിറ്റിയുടെ പരിഗണനയിലാണ്. ഈ അതോറിറ്റിയുടെ കീഴിൽ രൂപീകരിച്ച സബ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ.ഉമ്മൻചാണ്ടി):സുനാമി ദുരിതാശ്വാസത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ള 1441 കോടി രൂപയിൽ നല്ലൊരു പങ്കും തീരപ്രദേശത്ത് വീടുവച്ചുകൊടുക്കേണ്ട പദ്ധതിയാകയാൽ കേന്ദ്ര ഗവൺമെന്റിന്റെ ഈ നിയമം തടസ്സമായി വരികയാണ്. അതുകൊണ്ട് ഈ നിയമത്തിൽ എക്സംപ്ഷൻ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ സഹകരണമുണ്ടാകും.

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്ചുതാനന്ദൻ): പ്രതിപക്ഷത്തിന്റെ സഹകരണത്തോടുകൂടി ഇതിനുവേണ്ടി പരിശ്രമിക്കാം.

**സബ്മിഷൻ**

(1) ഐ.ഐ.എസ്.ടി.ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കൽ

ശ്രീ. ജി. കാർത്തികേയൻ: ഐ.എസ്.ആർ.ഒ.യുടെ സ്പെയ്സ് ഇൻസ്റ്റിറ്റ്യൂട്ടിന് (ഐ.ഐ.എസ്.ടി.) ആവശ്യമായ സ്ഥലം കണ്ടെത്തുന്ന നടപടി ഏതുവരെയായി; ഐ.എസ്.ആർ.ഒ. ആവശ്യമായ സ്ഥലം ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ അവരുടെ നിലപാട് എന്താണ് എന്നീ കാര്യങ്ങളെ സംബന്ധിച്ച് വിശദവിവരങ്ങൾ സഭയെ അറിയിക്കണം. സ്പെയ്സ് ഇൻസ്റ്റിറ്റ്യൂട്ട് വിവാദങ്ങളിൽപ്പെട്ട് നഷ്ടമാകാൻ പാടില്ല.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശക്തമായ ഇടപെടൽ ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കുവേണ്ടി ഐ.എസ്.ആർ.ഒ. ചെയർമാനും ഡയറക്ടറുമായി ഗവൺമെന്റ് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പൊന്മുടി അപ്പർ സാനിട്ടോറിയത്തിൽ 20 ഏക്കർ ഭൂമി അനുവദിച്ചുകൊടുക്കുകയും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഐ.എസ്.ആർ.ഒ. ആവശ്യപ്പെട്ട പ്രകാരം 100 ഏക്കർ ഭൂമി തേനൂർ വില്ലേജിൽ നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആ സ്ഥലം അനുയോജ്യമല്ലെന്ന് അവർ അറിയിച്ചതിനെത്തുടർന്ന് പകരം ഭൂമി കണ്ടെത്തി നൽകാമെന്നറിയിച്ചിട്ടുണ്ട്. വലിയമലയിൽ ഐ.എസ്.ആർ.ഒ.യ്ക്ക് സമീപം സ്ഥലം വേണമെന്നാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്. അവർക്കനുയോജ്യമായ സ്ഥലം ഏറ്റെടുത്ത് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(2) വിധവാ പെൻഷൻ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: സംസ്ഥാനത്തെ 10 ലക്ഷത്തിലധികം വരുന്ന വിധവകൾക്ക് നൽകിവരുന്ന പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പ്രതിവർഷം 3000 രൂപയിൽ കുറഞ്ഞ വരുമാനമുള്ള ഭർത്താവ് മരിച്ച സ്ത്രീകൾക്കും ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കും 7 വർഷമായി ഭർത്താവിന്റെ വിവരമൊന്നുമില്ലാതെ

ജീവിക്കുന്ന സ്ത്രീകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് പ്രതിമാസം 120 രൂപ നിരക്കിൽ പെൻഷൻ നൽകിവരുന്നത്. ഇപ്രകാരം 286867 വിധവകൾക്ക് പെൻഷൻ നൽകുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 20 വയസ്സിനു മുകളിൽ പ്രായമുള്ള ആൺമക്കളുള്ള വിധവകൾക്കും പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(3) <u>പുതിയ സ്കൂളുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> സംസ്ഥാനത്തെ വിദ്യാഭ്യാസപരമായും സാമുദായികപരമായും പിന്നോക്കം നിൽക്കുന്ന ഗ്രാമീണ-മലയോര മേഖലകളിലെ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ആ മേഖലകളിലെ എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനും ഒരൊറ്റ ഹൈസ്കൂൾ പോലുമില്ലാത്ത പഞ്ചായത്തുകളിൽ സർക്കാർ/എയിഡഡ് സ്കൂളുകൾ അനുവദിക്കാനും ഹൈസ്കൂളുകളിൽ പ്ളസ് ടു കോഴ്സുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. അധികം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ വിഭജിക്കണം. നബാർഡ് സഹായത്തോടെ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ. ബേബി):</u> വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനം അഭിമാനകരമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. 2006-07-ൽ 1-ാം ക്ളാസ്സിൽ പ്രവേശിക്കപ്പെട്ട വിദ്യാർത്ഥികളിൽ 10-ാം സ്റ്റാൻഡേർഡിൽ എത്തിയിരിക്കുന്നത് 92.57

ശതമാനം കുട്ടികളാണ്. . എല്ലാ പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഭ്യമാക്കിയതുകൊണ്ടാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. സർക്കാർ പഠനമനുസരിച്ച് കണ്ണൂർ, കോഴിക്കോട്, മലപ്പുറം. ജില്ലകളിലെ 3 പഞ്ചായത്തുകളിലാണ് ഹൈസ്ക്കൂളുകളില്ലാത്തത്. നീണ്ടകര പഞ്ചായത്തിന്റെ കാര്യവും ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു പഞ്ചായത്തിൽപ്പോലും ഗവൺമെന്റ്/എയിഡഡ് ഹൈസ്ക്കൂൾ ഇല്ലാത്ത അവസ്ഥ ഉണ്ടാവാതിരിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. എഡ്യുക്കേഷണൽ മാപ്പിംഗ് നടത്തി സ്ഥിതിഗതികൾ സമഗ്രമായി പഠിച്ച് ആവശ്യകത പരിശോധിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ എൽ.പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സാധിക്കുകയുള്ളൂ. . കഴിഞ്ഞ വർഷം പാലക്കാട് മുതലുള്ള വടക്കൻ ജില്ലകൾക്ക് മാത്രമായി 26000 പ്ളസ് ടൂ സീറ്റുകൾ അനുവദിച്ചു. അംഗൻവാടി/പ്രീ-പ്രൈമറി കെട്ടിടങ്ങളുടെ കാര്യം സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്. മാനദണ്ഡങ്ങളിൽ ഒതുങ്ങി നിന്നുകൊണ്ട് മെമ്പർ ഉന്നയിച്ച എല്ലാ കാര്യങ്ങളും അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(4) റവന്യൂ രേഖയിൽ പുരയിടങ്ങളെ നിലം എന്നു രേഖപ്പെടുത്തിയതു മൂലമുണ്ടായ പ്രശ്നങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ: സംസ്ഥാനത്ത് വർഷങ്ങളായി പുരയിടങ്ങളായി കിടക്കുന്ന വസ്തുക്കൾ റവന്യൂ രേഖകളിൽ നിലമാണെന്ന് രേഖപ്പെടുത്തിയതുമൂലം രണ്ടും അഞ്ചും സെന്റ് വസ്തുക്കളുള്ള പാവപ്പെട്ടവർക്ക് വീട് വയ്ക്കാൻ അനുവാദം ലഭിക്കാത്ത സാഹചര്യം ഉണ്ടായിരിക്കുകയാണ്. അതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾ

വച്ചുകൊടുത്ത വീടുകൾക്ക് നമ്പരിട്ട് കിട്ടുന്നില്ല. പഞ്ചായത്ത് ഭവന വായ്പ നൽകിയിട്ടുള്ളവർക്ക് വീട് വയ്ക്കാൻ കഴിയുന്നില്ല. ബാങ്കിൽ നിന്നും ലോൺ അനുവദിക്കുന്നില്ല. അതുകൊണ്ട് ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് വളരെ ഗൗരവമായ വിഷയമാണ്. അഞ്ച് സെന്റ് ഭൂമിയൊക്കെയുള്ള പാവപ്പെട്ടവർക്ക് വേറെ ഭൂമിയില്ല എന്ന് പഞ്ചായത്ത് സെക്രട്ടറി ഒരു സർട്ടിഫിക്കറ്റ് കൊടുത്തുകഴിഞ്ഞാൽ അവരെ കെ. എൽ. യു. ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് വീടു വയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): നെൽവയൽ-നീർത്തട സംരക്ഷണ ബിൽ നിയമസഭയിൽ അവതരിപ്പിച്ച സാഹചര്യത്തിൽ ആ നിയമം മുന്നിൽ കണ്ടുകൊണ്ട് വ്യാപകമായി നിലം നികത്തൽ നടക്കുന്നതായി പല ജില്ലകളിൽ നിന്നും പരാതി ലഭിച്ച സാഹചര്യത്തിലാണ് കാർഷികേതര ആവശ്യങ്ങൾക്കായി നെൽവയലുകൾ നികത്തുന്നതിന് ലഭ്യമാകുന്ന അപേക്ഷകളിന്മേലുള്ള തീർപ്പുകൽപ്പിക്കൽ ബിൽ നിയമമാകുന്നതുവരെ നിറുത്തിവയ്ക്കണമെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തി പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഭവന നിർമ്മാണ സ്കീമുകളിൽപ്പെടുന്ന വീടുകൾക്കും ചെറിയ വീടുകൾക്കും ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷകൾ ലഭിക്കുമ്പോൾ പ്രസ്തുത ഭൂമി റവന്യൂ രേഖകളിൽ "കൃഷി ഭൂമി" എന്നോ "നിലം നികത്തിയ ഭൂമി" എന്നോ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽക്കൂടി പ്രത്യേക പരിഗണന നൽകി അനുമതി

നൽകേണ്ടതാണെന്നുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുരയിടങ്ങളായി മാറിയ സ്ഥലങ്ങളുടെ റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി റവന്യൂ രേഖകളിൽ പുരയിടങ്ങൾ എന്നുതന്നെ രേഖപ്പെടുത്തുന്നതോടുകൂടി ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതാണ്. കൂടാതെ നിർദ്ദിഷ്ട നെൽവയൽ-നീർത്തട സംരക്ഷണ ബിൽ സഭയിൽ പരിഗണനയ്ക്കെടുക്കുമ്പോൾ ഇത്തരം ബുദ്ധിമുട്ടുകൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്.

## (5) കേരള സംസ്ഥാന കൈത്തറിത്തൊഴിലാളി കൗൺസിൽ നടത്തുന്ന സമരം

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ഒന്നര ലക്ഷത്തോളം വരുന്ന കൈത്തറിത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി ഇന്ന് കേരള സംസ്ഥാന കൈത്തറിത്തൊഴിലാളി കൗൺസിലിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നടത്തുകയാണ്. കൈത്തറി സംഘങ്ങളുടെ കടബാധ്യത ഒഴിവാക്കാനും വെട്ടിക്കുറച്ച റിബേറ്റ് ദിനങ്ങൾ പുന:സ്ഥാപിക്കാനും റിബേറ്റ് കുടിശ്ശിക കൊടുത്തുതീർക്കാനും റിബേറ്റ് ആനുകൂല്യം ദുരുപയോഗപ്പെടുത്തുന്നത് ഒഴിവാക്കാനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. സ്കൂൾ യൂണിഫോം നിർമ്മിക്കുന്നതിന് പലിശരഹിത വായ്പയും റിബേറ്റും നൽകണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രോജക്ട് തയ്യാറാക്കുന്ന സമയത്ത് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യണം. കൈത്തറി മേഖലയിലെ പദ്ധതികൾ പരിശോധിക്കുന്നതിന് വ്യവസായ ഓഫീസിന്റെ കീഴിൽ കൈത്തറി പ്രോജക്ട് ഓഫീസുകൾ സ്ഥാപിക്കണം. സാങ്കേതിക

വിദ്യകൾ ഉപയോഗിച്ച് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തി കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കൈത്തറി മേഖലയ്ക്ക് 2001 മുതൽ കൊടുക്കാനുള്ള റിബേറ്റ് കുടിശ്ശിക പൂർണ്ണമായും നൽകുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റിബേറ്റ് ദിനങ്ങൾ കേന്ദ്ര നിരക്കിന് തുല്യമായി പരിഷ്കരിച്ച് നടപ്പിലാക്കാനും അവയുടെ എണ്ണം വർദ്ധിപ്പിക്കാനും കൈത്തറി യൂണിഫോമുകൾക്ക് സ്കൂൾ വർഷാരംഭത്തിൽ അഞ്ചു ദിവസം വീതം റിബേറ്റ് നൽകാനുമുള്ള കാര്യം പരിശോധിച്ചു വരുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് തൊഴിൽ സാധ്യത സൃഷ്ടിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. കൈത്തറി വ്യവസായത്തിലെ പ്രശ്നങ്ങൾ പരിഹരിച്ച് തൊഴിലാളികളെ പ്രസ്തുത മേഖലയിൽത്തന്നെ നിലനിറുത്തുന്നതിന് ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും അനിവാര്യമാക്കുക, നെയ്ത്തു രംഗത്ത് പുതിയതായി വരുന്നവർക്ക് വിദഗ്ദ്ധ പരിശീലനം നൽകി തൊഴിലിൽ പ്രാപ്തരാക്കുക, തൊഴിൽ നഷ്ടപ്പെടാതെ പ്രീ-ലൂം, വീവിംഗ് മേഖലകളിൽ ഭാഗീകമായ യന്ത്രവൽക്കരണം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക തുടങ്ങിയ തീരുമാനങ്ങൾ 24.10.07-ൽ കൂടിയ കൈത്തറി ഉപദേശക സമിതി യോഗത്തിൽ എടുത്തിട്ടുണ്ട്.

### (6) കുളനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനു നേരെയുണ്ടായ ആക്രമണം

ശ്രീ. കെ. ശിവദാസൻ നായർ: 20-02-08-ന് രാത്രി 8 മണിയോടുകൂടി പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി. രഘുനാഥനെ ആട്ടോറിക്ഷയിൽ വന്ന രണ്ടുപേർ വീട്ടിൽ നിന്ന്

വിളിച്ചിറക്കി കമ്പി വടികൊണ്ട് തലയ്ക്കടിക്കുകയും ഗുരുതരമായ പരുക്കേൽപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയുമാണ്. ഭൂ മാഫിയയിൽപ്പെട്ട ചിലരാണ് ഈ ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചതെന്നുള്ളതിന് വ്യക്തമായ തെളിവുണ്ട്. പത്തിനംതിട്ട ജില്ലയിൽ ചില വ്യക്തികൾ ഏക്കറു കണക്കിനു വയലുകൾ നികത്തുകയും കുന്നുകൾ ഇടിച്ച് നിരത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ കേസിലെ പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. ഇപ്പോൾ ലോക്കൽ പോലീസിനെ നിയന്ത്രിക്കുന്നത് അനധികൃത ഭൂസ്വത്ത് സമ്പാദിച്ച ഈ ഭൂമാഫിയയുടെ നേതാവാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ പേരിൽ ഒരു പഞ്ചായത്ത് പ്രസിഡന്റിനെ ഗുരുതരമായി പരുക്കേൽപ്പിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇപ്പോഴും അദ്ദേഹത്തിനെതിരെ പരസ്യമായി ഭീഷണികൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ കേസ്സ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിച്ച് പ്രശ്നത്തിന് പരിഹാരം കാണണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> പത്തനംതിട്ട ജില്ലയിലെ പന്തളം പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട കുളനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കോൺഗ്രസ് മണ്ഡലം പ്രസിഡന്റുമായ ശ്രീ. ജി. രഘുനാഥന്റെ വീട്ടിൽ 20.2.2008-ന് രാത്രി 8.30-ന് ഓട്ടോറിക്ഷയിൽ വന്ന 2 പേർ അദ്ദേഹത്തെ തലയ്ക്കടിച്ച് പരുക്കേൽപ്പിച്ചശേഷം രക്ഷപ്പെട്ടു. ശ്രീ. രഘുനാഥന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ പന്തളം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് പന്തളം സി.ഐ.യുടെ നേതൃത്വത്തിൽ അന്വേഷണം

നടത്തിയെങ്കിലും പ്രതികളെക്കുറിച്ച് സൂചനയൊന്നും ലഭിച്ചിട്ടില്ല. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ അടൂർ എ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണസംഘം രൂപീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അന്വേഷണം ഊർജ്ജിതമായി നടത്തുന്നതായിരിക്കും. ശ്രീ. രഘുനാഥന്റെ സഹായത്തോടുകൂടി പ്രതിയുടെ രേഖാചിത്രം തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ഭൂമാഫിയയുമായി ഇതിന് ബന്ധമുണ്ടോ എന്ന് പ്രതികളെക്കുറിച്ച് വ്യക്തമായ വിവരം മനസ്സിലാക്കിയശേഷം മാത്രമേ പറയാനൊക്കുകയുള്ളൂ. ബാഹ്യശക്തികൾ പോലീസിനെ നിയന്ത്രിക്കാൻ അനുവദിക്കുന്നതല്ല.

(7) <u>സ്വർണ്ണപ്പണിക്കാർക്ക് ക്ഷേമനിധി</u>

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> കേരളത്തിലെ ജൂവലറികളിലൂടെ വിൽപ്പന നടത്തിവന്നിരുന്ന എല്ലാ സ്വർണ്ണാഭരണങ്ങളും നിർമ്മിച്ചു നൽകിയിരുന്നത് കേരളത്തിലെ സ്വർണ്ണത്തൊഴിലാളികളാണ്. മെഷീൻമെയ്ഡ് ആഭരണങ്ങൾ വന്നതോടുകൂടി കേരളത്തിലെ ജൂവലറികളിൽനിന്ന് സ്വർണ്ണത്തൊഴിലാളികളെ പറഞ്ഞുവിടുകയാണ്. അവർക്ക് തൊഴിൽസുരക്ഷയോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ സ്വർണ്ണത്തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യം എടുക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> ഗവൺമെന്റ് ഇക്കാര്യം വളരെ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. ആഭരണ നിർമ്മാണത്തൊഴിലാളികൾക്കുവേണ്ടി ഒരു നിയമം തൊഴിൽവകുപ്പ് തയ്യാറാക്കുകയും അത് മന്ത്രിസഭയുടെ അംഗീകാരത്തിന്

വിധേയമാക്കുകയും ചെയ്തുകഴിഞ്ഞു. കഴിയുന്നതുംവേഗം അത് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(8) <u>കൃഷിഭൂമിയിലെ ജണ്ട കെട്ടൽ</u>

<u>ശ്രീ. ജോർജ് എം. തോമസ്</u>: കോഴിക്കോട് ജില്ലയിലെ കക്കാടംപൊയിൽ പ്രദേശത്ത് 1956 മുതൽ കൃഷിക്കാർ കൈവശംവച്ചുവരുന്ന ഭൂമി വനം വകുപ്പ് ഉദ്യോഗസ്ഥർ ജണ്ട ഇട്ട് തിരിച്ചുകൊണ്ടിരിക്കുകയാണ്. 1967 മുതൽ അവിടെ പട്ടയം ലഭിച്ചിട്ടുണ്ട്. കൂടരഞ്ഞി പഞ്ചായത്തിലെ പെരുമ്പിലാപ്പുഴ-കള്ളിപ്പാറ റോഡിൽ ടാറിംഗ് നടത്തുന്നതിനേയും വൈദ്യുതിലൈൻ വലിച്ച് ഹൗസ് കണക്ഷൻ കൊടുക്കുന്നതിനേയും ഫോറസ്റ്റ് ഉദ്യോഗസ്ഥർ തടയുന്നു. പ്രസ്തുത പ്രദേശം ഇ.എഫ്.എൽ-ൽ പെടുത്താൻ സാദ്ധ്യതയുള്ള സ്ഥലമാണെന്ന നിഗമനത്തിൽ റബ്ബർ തോട്ടത്തിൽ ടാപ്പിംഗ് പണി നടത്താനോ പാൽ എടുക്കാനോ അനുവദിക്കുന്നില്ല. ഈ പ്രശ്നത്തിൽ റവന്യൂ-ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധനയ്ക്കുശേഷം മാത്രമേ ജണ്ട ഇട്ടു തിരിക്കാൻ പാടുള്ളു എന്ന അടിയന്തിര നിർദ്ദേശം കൊടുക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ബിനോയ് വിശ്വം</u>): കക്കാടംപൊയിൽ ഗ്രാമത്തിൽ അകമ്പുഴ, തേനരുവി, നൂറേക്കർ എന്നീ സ്ഥലങ്ങൾ നിക്ഷിപ്ത വനപ്രദേശങ്ങളാണ്. ഇതിന്റെ അതിർത്തികൾ നേരത്തെ സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ജണ്ടകെട്ട് നിർമ്മാണം നടത്തിവരവേ സ്വകാര്യഭൂമിയിലെ ചില കർഷകർ അനധികൃതമായി നിക്ഷിപ്തവനം കൈവശം വച്ചിരിക്കുന്നത് കണ്ടെത്തുകയും ഇത് സംബന്ധിച്ച് ഒരു മഹസ്സർ തയ്യാറാക്കുകയും

ചെയ്തിട്ടുള്ളതാണ്. ഈ സ്ഥലങ്ങളിലെ കയ്യേറ്റങ്ങളെല്ലാം തന്നെ 1-1-77-ന് ശേഷമുള്ളവയും യാതൊരുവക കൈവശരേഖകളും അവരുടെ പക്കലില്ലാത്തതുമാണെന്നാണ് വനംവകുപ്പിന്റെ അന്വേഷണത്തിൽ കാണുന്നത്. ഇത് 1-1-77-നു മുമ്പ് ഉള്ളവയാണെന്ന് തെളിയിക്കുന്ന രേഖകളുണ്ടെങ്കിൽ അവ പരിഗണിക്കാൻ ഗവൺമെന്റ് ഒരുക്കമാണ്.

**(9)** വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് പ്രദേശത്തെ ടൂറിസം സാധ്യതകൾ

ശ്രീ. ടി.പി. കുഞ്ഞുണ്ണി : 2007- സെപ്റ്റംബർ മാസത്തിൽ കമ്മീഷൻ ചെയ്ത തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് പ്രദേശത്തെ ഒരു ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് പ്രദേശം ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പരിശോധിച്ചുവരികയാണ്. കുട്ടികളുടെ പാർക്ക്, പൂന്തോട്ടം എന്നിവ നിർമ്മിക്കുന്നത് സംബന്ധിച്ച പദ്ധതികളും പരിഗണനയിലുണ്ട്. ബോട്ടിംഗ് ഏർപ്പെടുത്തുമ്പോഴുണ്ടാകുന്ന മലിനീകരണ പ്രശ്നം ഒഴിവാക്കി ടൂറിസം പ്രോജക്ട് തയ്യാറാക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(10) പദ്ധതി തുക വിനിയോഗിക്കുന്നതിലെ നിയന്ത്രണം

ശ്രീ. എ. പി. അനിൽ കുമാർ: കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക വിനിയോഗിക്കുന്ന കാര്യത്തിൽ സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം പിൻവലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്ക

ണം. സർക്കാരിന്റെ ഇടയ്ക്കിടയ്ക്കുണ്ടാകുന്ന പരിഷ്ക്കാരങ്ങളും മാറ്റങ്ങളും നിമിത്തം പദ്ധതികൾക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകാൻ ഗവൺമെന്റിന് സാധിക്കാത്തതിനാൽ ഇന്ന് അവർ പഞ്ചായത്ത് ഭരണസമിതി യുമായി തർക്കത്തിലാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഉദ്ദേശലക്ഷ്യ ങ്ങൾ പൂർണ്ണമായും ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി പദ്ധതി തുക ചെലവഴിക്കുന്നതിനാവശ്യമായ സമയം അനുവദിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> പദ്ധതി തുക വിനിയോഗിക്കുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെമേൽ സർക്കാർ യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 2007-2008 സാമ്പത്തിക വർഷത്തെ അവ സാന മാസത്തെ പദ്ധതി പ്രവർത്തനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തു ന്നതിനും പദ്ധതി വിഹിതത്തിന്റെ വിനിയോഗം ത്വരിതപ്പെടുത്തുന്നതിനും എല്ലാ വകുപ്പുകൾക്കും സർക്കുലർ അയച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം സുഗ മമായി നടത്തുന്നതിനും പണം ചെലവഴിക്കുന്നതിനും യാതൊരു തടസ്സവും നിലവിലില്ല.

## <u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)</u>

**<u>ശ്രീ. കെ.എം. മാണി:</u>** നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ പ്രസംഗത്തിന്റെ സാങ്റ്റിറ്റി ഭരണകക്ഷിയും ഗവൺമെന്റും കളഞ്ഞുകുളിച്ചി രിക്കുകയാണ്. ഈ സർക്കാരിന്റെ കഴിഞ്ഞകാല നയപ്രഖ്യാപനങ്ങളിൽ കൂടുതലും നടപ്പിലാക്കാത്തവയാണ്. ഭരണരംഗം മുഴുവൻ അഴിമതി വ്യാപി ച്ചിരിക്കുകയാണ്. ആന്റി കറപ്ഷൻ നിയമത്തിനും ലോക് ആയുക്ത നിയമ

ത്തിനും ഇതുവരേയും ഭേദഗതി കൊണ്ടുവന്നിട്ടില്ല. ഇതു സംബന്ധിച്ച് ബിൽ അവതരിപ്പിക്കുകയോ നിയമനിർമ്മാണം നടത്തുകയോ ചെയ്തിട്ടില്ല. പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിച്ച് അപ്രത്യക്ഷരാകുന്നവരിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരുമെന്ന് കൊട്ടിഘോഷിച്ചെങ്കിലും അതും ഉണ്ടായിട്ടില്ല. ഈ രൂപത്തിൽ നിയമസഭയ്ക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നും നിറവേറ്റാൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്. ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസത്തിന്റെ വ്യാപനത്തിനും ഉയർന്നുവരുന്ന ആവശ്യങ്ങൾ നേരിടുന്നതിനുമായി സംസ്ഥാനത്ത് ഒരു സ്വതന്ത്ര സർവ്വകലാശാല സ്ഥാപിക്കുമെന്ന് നയപ്രഖ്യാപനത്തിലൂടെ അറിയിച്ചതിനുശേഷം അങ്ങനെ ഒരു നിർദ്ദേശം നിലവിലില്ലെന്നാണ് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ചോദ്യത്തിന് മറുപടിയായി സഭയെ അറിയിച്ചത്. കഴിഞ്ഞ നയപ്രഖ്യാപനത്തിൽ പറഞ്ഞിരുന്ന ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പകർച്ചവ്യാധികൾ തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സ്റ്റാഫില്ലാത്ത അവസ്ഥ നിലവിലുള്ളതുകൊണ്ട് പബ്ളിക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ഒഴിവുകൾ പി.എസ്.സി. മുഖേനയോ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുവഴിയോ അടിയന്തിരഘട്ടങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിലോ നികത്തുമെന്ന് 21-6-2007-ൽ ചോദ്യങ്ങൾക്ക് മറുപടിയായി ഗവൺമെന്റ് സഭയ്ക്ക് ഉറപ്പുനൽകിയിരുന്നതാണ്. എന്നാൽ ആ മറുപടിക്ക് വിരുദ്ധമായി പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നവരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുമെന്നുള്ള ഒരു സർക്കുലർ 10-1-2008-ൽ ഡി.എച്ച്.എസ്. ഇറക്കിയിരിക്കുകയാണ്. നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നതിന് വിപരീതമായി നിയമസഭയിൽ ഉറപ്പുകൾ നൽകുകയും

അതിനു വിരുദ്ധമായി സർക്കുലർ ഇറക്കുകയും ചെയ്യുന്നത് അപഹാസ്യ മാണ്. പ്രസ്തുത വിഷയങ്ങളെ സംബന്ധിച്ച് ഒരു നിയമസഭാ കമ്മിറ്റിയെ ക്കൊണ്ട് അന്വേഷിപ്പിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുടക്കം കുറിച്ച സ്മാർട്ട് സിറ്റിക്കെതിരെ കോടതിയിൽ സ്റ്റേ വാങ്ങിയിട്ട് അതിന്റെ കരാറിൽ കൂടുതൽ ദോഷകരമായ വ്യവസ്ഥകൾ ചേർത്ത് കൊണ്ടുവന്നിരിക്കുന്നത് ആത്മവഞ്ചനയാണ്. സഹകരണ സംഘങ്ങ ളിൽനിന്ന് വായ്പ എടുത്ത കർഷകരുടെ കടം എഴുതിത്തള്ളിയിട്ട് സഹക രണ സംഘങ്ങൾക്ക് ഇതുവരെ ആ തുക അനുവദിച്ചിട്ടില്ല. കർഷകർ എടുത്ത കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കണം. കർഷകരുടെ 50,000 രൂപയ്ക്ക് താഴെയുള്ള കടങ്ങൾ എഴുതിത്തള്ളണം. സംസ്ഥാനത്തെ മുഴു വൻ കർഷകരും കടബാധ്യതകൊണ്ട് കഷ്ടപ്പെടുകയാണ്. കടാശ്വാസ കമ്മീ ഷന്റെ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നില്ല. 100 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചിട്ട് അതിൽനിന്ന് യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. എൽ.ഡി. എഫി.-ലുണ്ടായ വിഭാഗീയത ഭരണത്തെ ബാധിച്ചിരിക്കുകയാണ്.

ശ്രീ. കെ.കെ. ജയചന്ദ്രൻ : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് ജനോപകാരപ്രദമായ നടപടികൾ സ്വീകരിച്ച ഈ ഗവൺമെന്റിന്റെ ഭരണത്തിൽ പ്രതിപക്ഷത്തിന് വ്യക്തമായ രീതിയിൽ എതിർപ്പ് രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല. ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റ ത്തെ യു.ഡി.എഫ്. രാഷ്ട്രീയവൽക്കരിക്കുകയാണ്. ലക്ഷക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ ഒറ്റക്കെട്ടായിനിന്ന് നടപടി സ്വീകരി ക്കണം. എച്ച്.എം.ടി. ഭൂമി ഇടപാടിൽ വിഭിന്ന അഭിപ്രായങ്ങളാണ് യു.ഡി. എഫ്-നുള്ളത്. പ്രതിപക്ഷം ലക്ഷ്യബോധത്തോടെയല്ല പ്രവർത്തിക്കുന്നത്.

കഴിഞ്ഞ അഞ്ചുവർഷത്തെ യു.ഡി.എഫ്. ഭരണം ജനദ്രോഹകരമായിരുന്നു. നിരവധി മേഖലകൾ സ്വകാര്യവൽക്കപ്പെട്ടു. സുനാമി ഫണ്ടിൽ തിരിമറി നടത്തി. ചികിൽസാ സഹായം നൽകുന്നതിൽ വീഴ്ച വരുത്തി. യു.ഡി.എഫ്. ഗവൺമെന്റ് കർഷക ആത്മഹത്യ കടംമൂലം അല്ലെന്ന് വരുത്തിത്തീർക്കാനാണ് ശ്രമിച്ചതെങ്കിൽ ഈ ഗവൺമെന്റ് കർഷകരുടെ കടബാധ്യത എഴുതിത്തള്ളാനാണ് നടപടി സ്വീകരിച്ചത്. കോടിക്കണക്കിന് രൂപയുടെ ഗവണ്മെന്റ് ഭൂമി വൻകിടക്കാർക്ക് കൈവശപ്പെടുത്താനുള്ള അവസരം ഉണ്ടാക്കികൊടുത്തത് കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റാണ്. എന്നാൽ ഈ ഗവണ്മെന്റ് വാഗമൺ മുതൽ മൂന്നാർ വരെയുള്ള അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിച്ചത്. ഇതിലൂടെ കോടിക്കണക്കിന് രൂപയുടെ ഭൂസ്വത്താണ് കയ്യേറ്റക്കാരിൽ നിന്നും പിടിച്ചെടുത്തത്. അനധികൃത കയ്യേറ്റം തടയുക എന്നതാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ നയം. മുൻ. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയിരുന്ന കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ മുഴുവൻ തുറന്ന് പ്രവർത്തിപ്പിക്കുകയും പുതിയ ബസ്സുകൾ നിരത്തിലിറക്കുകയും ചെയ്ത് ഈ സ്ഥാപനത്തിന്റെ നില മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചു. അനധികൃതമായി ലീവെടുത്ത് പോയ ഡോക്ടർമാര പിരിച്ചുവിട്ട് ആ സ്ഥാനത്ത് താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ച് പൊതുജനാരോഗ്യ രംഗം സമ്പുഷ്ടമാക്കി. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, വൈദ്യുതി, ആഭ്യന്തരം, ധനകാര്യം തുടങ്ങിയ മേഖലകളിലെല്ലാം ഒട്ടേറ ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കാൻ ഈ ഗവണ്മെന്റിന് സാധിച്ചു. അവകാശസമരങ്ങളോട് ക്രൂരമായ സമീപനമായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചത്. ജനങ്ങളുടെ മേൽ .നികുതിഭാരം അടിച്ചേൽപ്പിക്കാതെ നികുതി പിരിവ്

ഊർജ്ജിതപ്പെടുത്തി സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രശ്ന ങ്ങൾക്ക് പരമാവധി പരിഹാരം കാണാൻ ഗവണ്മെന്റിന് സാധിച്ചു. ജനക്ഷേ മകരമായ പ്രവർത്തനങ്ങൾ നടത്താനും സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാനും ലക്ഷ്യബോധത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്ക രിക്കാനുംം കഴിയുക എന്നതാണ് ഈ ഗവണ്മെന്റിന്റെ നയം.

<u>ശ്രീ. പള്ളിപ്രം ബാലൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരള ത്തിന്റെ സമ്പൂർണ്ണ വികസനം ഉറപ്പുവരുത്തുന്നതിന് സമഗ്രമായ പരിപാടി കൾ ആവിഷ്ക്കരിക്കാനും അതു നടപ്പിലാക്കാനും വേണ്ടിയുള്ള തീവ്രമായ പരിശ്രമത്തിലാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് . മാനവ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് മുൻതൂക്കമുള്ള 1957-ലെ ഗവണ്മെന്റ് കേരളത്തിൽ വികസന ക്ഷേമ പരിപാടി കൾക്ക് ആരംഭം കുറിച്ചത്. മനുഷ്യപുരോഗതിക്ക് ഉതകുന്ന രീതിയിലുള്ള പദ്ധതികൾ വിദ്യാഭ്യാസ കാർഷിക മേഖലകളിൽ നടപ്പാക്കിയത് കേരള ത്തിന്റെ സാമൂഹ്യ ഘടനയിൽ വലിയ മാറ്റമുണ്ടാക്കി. കഴിഞ്ഞ 21 മാസത്തെ ഭരണത്തിലൂടെ കേരളത്തിന്റെ വികസനത്തിനുതകുന്ന ഒട്ടേറെ നടപടികൾ ഈ ഗവണ്മെന്റ് സ്വീകരിച്ചു. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാനായി ചെറുകിട വ്യവസായരംഗത്തെ വികസിപ്പിക്കാൻ മെച്ച പ്പെട്ട സാങ്കേതിക സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും സൃഷ്ടിക്കണം.. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ പൊതുമേഖ ലാസ്ഥാപനങ്ങൾ പുനരുദ്ധരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാ നുള്ള നടപടി ഈ ഗവണ്മെന്റ് സ്വീകരിച്ചു. ഐ.ടി. പാർക്കുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്മാർട്ട് സിറ്റി എന്നിവ വരുന്നതോടെ സാങ്കേ തിക വിദ്യാഭ്യാസം പരിശീലിച്ച തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിലവ

സരം കണ്ടെത്താൻ സാധിക്കും. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള നടപടി സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആയിരം പുതിയ ബസ്സുകൾ നിരത്തിലിറക്കാനും 30 സൂപ്പർ ഡീലക്സ് സർവ്വീസുകൾ ആരംഭിക്കാനുമുള്ള നടപടി സ്വാഗതാർഹമാണ്. മലബാറിന് അർഹമായ പരിഗണന നൽകിക്കൊണ്ട് കൂടുതൽ ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിച്ചു. പട്ടികജാതി- പട്ടികവർഗ്ഗ മേഖലയുടെ വികസനത്തിനായി ഈ ഗവണ്മെന്റ് നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി 1717 ആദിവാസി കുടുംബങ്ങൾക്ക് ആറളം ഫാമിൽ ഭൂമി അനുവദിക്കാനും കൈവശരേഖയും പട്ടയവും നൽകാനും സാധിച്ചു . ആദിവാസികളുടെ ക്ഷേമത്തിനായുള്ള ട്രൈബൽ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സമൂഹത്തിലെ പാവപ്പെട്ടവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന മന്ത്രിമാരെക്കുറിച്ച് അടിസ്ഥാനരഹിതമായ അഴിമതി ഉന്നയിക്കാനുള്ള ധാർമ്മികത പ്രതിപക്ഷത്തിനില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ വികസനത്തിന് പുതിയ മാനം കണ്ടെത്തി സമൂഹത്തിന് നല്ലൊരു ജീവിതം നൽകുക എന്നതാണ് ഈ ഗവണ്മെന്റ് ലക്ഷ്യമിടുന്നത്. മണൽ, മദ്യം, ലോട്ടറി, കള്ളനോട്ട്, ലാൻഡ് മാഫിയകളെ സംരക്ഷിച്ചിരുന്ന മുൻവർഷത്തെ പോലീസ് സംവിധാനത്തിൽ നിന്ന് വ്യത്യസ്തമായി ക്രമസമാധാനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ജനപങ്കാളിത്തത്തോടുകൂടിയുള്ള കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം ആരംഭിക്കാൻ ഈ ഗവണ്മെന്റ് നടപടി സ്വീകരിച്ചിരിക്കുകയാണ്. മാത്രമല്ല, 1717 ആദിവാസി കുടുംബങ്ങൾക്ക് ആറളം ഫാമിൽ ഭൂമിയും 2086 കുടുംബ

ങ്ങൾക്ക് അവകാശരേഖയും 302 കുടുംബങ്ങൾക്ക് പട്ടയവും നൽകി. വനപ്രദേശങ്ങളിൽ വസിക്കുന്ന ആദിവാസികളുടെ ക്ഷേമത്തിനായി പട്ടികജാതി/ പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിച്ചു. മുൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ പൊതുമേഖലാസ്ഥാപനങ്ങളെ തുറന്ന് പ്രവർത്തിപ്പിക്കാനും പുതിയ സംരംഭങ്ങൾ തുടങ്ങാനും ജനക്ഷേമകരമായ ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ ആരംഭിക്കാനും കഴിഞ്ഞ 21 മാസം കൊണ്ട് ഈ ഗവണ്മെന്റിന് കഴിഞ്ഞു. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ തമിഴ്നാട് സർക്കാരിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുവാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു എന്നു മാത്രമല്ല, അവിടെ പുതിയ അണക്കെട്ട് നിർമ്മിക്കുമെന്നുള്ള പ്രഖ്യാപനവും നടത്തിയിരിക്കുകയാണ്. ജാതി മത ചിന്തകൾക്കതീതമായ ഒരു പുത്തൻ സംസ്കാരം എല്ലാ മേഖലകളിലും നടപ്പാക്കാൻ തയ്യാറാകുന്ന ഈ ഗവണ്മെന്റിനെ പ്രതിപക്ഷം ശ്ലാഘിക്കുകയാണ് വേണ്ടത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ 21 മാസത്തെ ഭരണത്തിനിടയിൽ നിരവധി ക്ഷേമനടപടികൾ സംസ്ഥാന സർക്കാർ പ്രാവർത്തികമാക്കുകയുണ്ടായി. കർഷക കടാശ്വാസ നിയമം കൊണ്ടുവരികയും കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി കർഷക ആത്മഹത്യ ഇല്ലാതാക്കാനും കാർഷിക രംഗത്ത് വലിയ മാറ്റമുണ്ടാക്കാനും കഴിഞ്ഞു. കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് രാധാകൃഷ്ണൻ കമ്മിറ്റിയെ നിയോഗിക്കുകയല്ലാതെ കാര്യമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സച്ചാർ കമ്മീഷൻ റിപ്പോർട്ട് കിട്ടി ഒന്നരവർഷമായിട്ടും കേന്ദ്ര ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കാതിരുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ഒരു കമ്മീഷനെ നിയോഗിക്കുകയും ആ കമ്മീഷൻ മൂന്നുമാസ

ത്തിനകം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തത് അഭിമാനകരമാണ്. ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾക്ക് നിർഭയമായി ജീവിക്കാൻ കഴിയുന്ന സാഹചര്യമുള്ള സംസ്ഥാനം കേരളമാണെന്ന കാര്യത്തിൽ തർക്കമില്ല.

ശ്രീ. പി.എം.എ. സലാം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാർഷിക-വ്യാവസായിക മേഖലകളിൽ വലിയ മാറ്റങ്ങളുണ്ടാക്കിക്കൊണ്ട് ജനാഭിലാഷമനുസരിച്ച് മുന്നോട്ടുപോകുന്ന ഒരു സർക്കാരാണിത്. പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും നഷ്ടത്തിലായിരുന്നവ ലാഭകരമാക്കാനും കഴിഞ്ഞു. കേരളത്തിൽ രൂക്ഷമായ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ വകുപ്പിന്റെ പിന്തുണയോടുകൂടി സിവിൽ സപ്ലൈസ് വകുപ്പിന് കഴിഞ്ഞു. ആരോഗ്യ രംഗത്ത് ആവശ്യമായ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ കഴിഞ്ഞ ഒന്നരവർഷത്തിനിടയിൽ 15 കോടി രൂപയുടെ നൂതന ഉപകരണങ്ങൾ വാങ്ങുകയും വികസന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. കേരളത്തിൽ കരിപ്പൂർ ഹജ്ജ്ഹൗസ് സ്ഥാപിക്കാൻ കഴിഞ്ഞത് വലിയ നേട്ടംതന്നെയാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടേയും ആദിവാസികളുടേയും ഉന്നമനത്തിനായി വളരെയധികം കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. സച്ചാർ കമ്മിഷൻ റിപ്പോർട്ടിനെക്കുറിച്ച് പഠിക്കുന്നതിന് പാലോളി മുഹമ്മദ് കമ്മിറ്റിയെ നിയോഗിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുവെന്നത് സ്വാഗതാർഹമാണ്.

ശ്രീ. യു.സി. രാമൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ 21 മാസത്തെ ഭരണം സംസ്ഥാനത്തെ സമസ്ത മേഖലകളെയും തകർത്തുതരിപ്പണമാക്കി. ഇടതുപക്ഷ ജനാധിപത്യമുന്നണി

ഗവൺമെന്റ് പുരോഗമനപരമായ യാതൊരു പ്രവർത്തനവും നടത്തുന്നില്ല. മന്ത്രിസഭയിലെ അംഗങ്ങൾക്ക് പരസ്പര വിശ്വാസമില്ലാതായിരിക്കുകയാണ്. മന്ത്രിസഭയെക്കുറിച്ച് അഴിമതി നിറഞ്ഞ കഥകളാണ് വന്നുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ വിരോധം തീർക്കുന്നതിന് ഭരണസംവിധാനം ദുർവിനിയോഗം ചെയ്ത് പൊതു പ്രവർത്തകരെ താറടിച്ചുകാണിക്കുന്ന പ്രവണത ഒരു തരത്തിലും പ്രോത്സാഹിപ്പിക്കാൻ പാടില്ല.

<u>ശ്രീ. റ്റി.യു. കുരുവിള</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാർഷിക മേഖലയിൽ പുതിയ ദിശയും ആത്മവിശ്വാസവും വളർത്തുന്നതിനും കടാശ്വാസ നിയമം കൊണ്ടുവന്ന് തകർച്ചയിൽ നിന്ന് ഈ മേഖലയെ രക്ഷിക്കുന്നതിനും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ക്ഷീരവികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുൾപ്പെടെ 1503.18 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്. കെ.എസ്.ടി.പി. റോഡുപണിയും തിരുവനന്തപുരം നഗരസഭാ പദ്ധതികളും പുനരാരംഭിക്കാൻ കഴിഞ്ഞു. മുടങ്ങിക്കിടന്ന ബോംബെ കേരള ഹൗസിന്റെ പണി പൂർത്തീകരിച്ച് ടൂറിസം ഡിപ്പാർട്ടുമെന്റിന് കൈമാറാൻ കഴിഞ്ഞു. തകർന്നുകിടന്ന പാലങ്ങളും റോഡുകളും സഞ്ചാരയോഗ്യമാക്കിത്തീർക്കാനും പൂട്ടിക്കിടന്ന പല വ്യവസായ യൂണിറ്റുകളും പ്ലാന്റേഷനുകളും വീണ്ടും തുറന്നു പ്രവർത്തിപ്പിക്കാനും കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നൂറ് ജൈവ ഗ്രാമങ്ങൾ ആരംഭിക്കാൻ നടപടിയെടുത്തു. നെനെല്ലിന്റെയും നാളികേരത്തിന്റേയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കേരളശ്രീ, കേരശ്രീ എന്നീ പദ്ധതികൾ ആരംഭിച്ചു. സംസ്ഥാനത്തെ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ധനസഹായം നൽകാൻ ഹൗസിംഗ് ബോർഡ് നടപടി സ്വീകരിച്ചു.

ശ്രീ. സി.ടി. അഹമ്മദ് അലി : നന്ദി പ്രമേയത്തെ എതിർക്കുന്നു. 21 മാസത്തെ എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഭരണം കൊണ്ട് വികസന പ്രവർത്തനങ്ങൾ മുരടിക്കുകയും അക്രമങ്ങളും കൊലപാതകങ്ങളും വർദ്ധിക്കുകയും ചെയ്തു. ആകെ ചെലവിന്റെ 16 ശതമാനം തുക മാത്രമേ പദ്ധതിക്കുവേണ്ടി ചെലവാക്കപ്പെടുന്നുള്ളു. ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളിൽ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കണം. ഹജ്ജ് ഹൗസിന്റെ നിർമ്മാണ പദ്ധതിക്ക് രൂപം നൽകിയതും അതിനാവശ്യമായ ഫണ്ട് കണ്ടെത്തിയതും യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. സംസ്ഥാനത്ത് പട്ടാപ്പകൽപോലും കൊലപാതകങ്ങളും കവർച്ചയും നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും രാഷ്ട്രീയ പരിഗണന നോക്കാതെ കുറ്റവാളികളെ ശിക്ഷിക്കാനുമുള്ള നടപടി സ്വീകരിക്കണം. ഉദുമ മണ്ഡലത്തിൽ പ്രതിപക്ഷനേതാവിന്റെ പ്രസംഗം അലങ്കോലപ്പെടുത്തുകയും കല്ലെറിയുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം. നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണം. ന്യൂനപക്ഷക്ഷേമ മന്ത്രാലയം അനുവദിക്കണം. അലിഗഡ് സർവ്വകലാശാല ക്യാംപസിനാവശ്യമായ സ്ഥലം അനുവദിക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു അന്താരാഷ്ട്ര പഠന കേന്ദ്രവും അറബിക് പഠനകേന്ദ്രത്തിനും ഗവേഷണത്തിനും ആവശ്യമായ നടപടികളും സ്വീകരിക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള കാലാവധി മാർച്ച് 15-വരെ നീട്ടണം. വരൾച്ച നേരിടുന്നതിനുള്ള മുൻകരുതലുകളും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽയിൽ നിന്ന് മുഴുവൻ അപേക്ഷകർക്കും ചികിൽസാ സഹായം ലഭ്യമാക്കണം. പ്രവാസി ക്ഷേമ പദ്ധതികൾ നടപ്പിലാക്കണം. അനാഥരുടേയും വികലാംഗരുടേയും അഗതികളുടേയും പെൻഷൻ തുക വർദ്ധിപ്പിക്കണം.

<u>ശ്രീ. ബി. രാഘവൻ</u> : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. വ്യാവസായിക പുരോഗതിയും കാർഷിക മുന്നേറ്റവും തൊഴിലാളികളുടെ ക്ഷേമവും ഉറപ്പാക്കിക്കൊണ്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപിതമായ കാഴ്ചപ്പാടിലുറച്ചുനിന്നുകൊണ്ടാണ് ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം നടത്തിയത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഓരോന്നായി ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കയ്യേറ്റക്കാരും വൻകിടക്കാരും കൈവശം വച്ചിരിക്കുന്ന അനധികൃത ഭൂമി കണ്ടെത്തി ഭൂരഹിതർക്ക് കൊടുക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അടച്ചിട്ടിരുന്ന പൊതുമേഖലാ സ്ഥാപങ്ങൾ തുറപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. കൊല്ലത്തെ പ്രീമോ പൈപ്പ് ഫാക്ടറി റിവൈവ് ചെയ്യാനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.. അഗതി, വിധവ, വാർദ്ധക്യകാല പെൻഷനുകളുടെ മുഴുവൻ കുടിശ്ശികയും സർക്കാർ ജിവനക്കാർക്ക്

കൊടുക്കാനുണ്ടായിരുന്ന ഡി.എ. കുടിശ്ശികയും കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിച്ചു. കർഷകത്തൊഴിലാളി പെൻഷൻ 500 രൂപയായി വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് 10 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവയ്ക്കണം. കശുവണ്ടിത്തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തണം. പി.ഡബ്ള്യു.ഡി കരാറുകാർക്ക് കൊടുക്കാനുള്ള തുക കൊടുത്തുതീർത്ത് എ.എസും ടി.എസും കൊടുത്ത വർക്കുകൾ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. തോട്ടം തൊഴിലാളികൾക്കും ഷോപ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ് വർക്കേഴ്സിനും ക്ഷേമനിധി കൊണ്ടുവന്നത് സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചിട്ടിരുന്ന 9 തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചു. പട്ടികജാതിക്കാർക്കും പട്ടിക ഗോത്ര വർഗ്ഗക്കാർക്കും വേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ രൂപീകരിച്ചു. പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കുള്ള സ്റ്റൈപ്പെന്റും ലപ്സംഗ്രാന്റും 50 ശതമാനം വർദ്ധിപ്പിച്ചു. മുഴുവൻ പട്ടികജാതി കോളനികളിലും വൈദ്യുതി എത്തിക്കാൻ സാധിച്ചു. ആദിവാസി മേഖലകളിൽ തീവ്രവാദ സംഘടനകൾ കേന്ദ്രീകരിക്കുകയാണ്. ആദിവാസികളെ ഭീകരവാദികളായി ചിത്രീകരിച്ച് ചൂഷണത്തിന് വിധേയമാക്കുന്നത് അവസാനിപ്പിക്കണം കാർഷിക, വ്യാവസായിക മേഖലകളിൽ വൻപിച്ച നേട്ടമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ലോക്കപ്പ് മരണങ്ങൾ അവസാനിപ്പിക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു.. നെൽപ്പാടങ്ങൾ സംരക്ഷിക്കാനുള്ള ബിൽ ഈ സഭാസമ്മേളനത്തിൽത്തന്നെ പാസ്സാക്കണം. നാണ്യവിളകളുടെ

വിലത്തകർച്ച നേരിടുന്നതിന് കേന്ദ്ര ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കുന്നില്ല. കേരളത്തിൽ കടാശ്വാസ കമ്മീഷൻ നിലവിൽ വന്നു. കേരളത്തിൽ വികസത്തിൽ വൻകുതിച്ചുചാട്ടം ഉണ്ടാകാൻ പോകുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): നന്ദിപ്രമേയത്തെ എതിർക്കുന്നു. തോട്ടം തൊഴിലാളികൾക്കുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാക്കിയ എഗ്രിമെന്റിന്റെ 50 ശതമാനം അന്ന് നടപ്പാക്കിയിരുന്നു. ഇപ്പോൾ അത് 70 ശതമാനമായി. പദ്ധതി ചെലവ് നോക്കിയാണ് ഗവൺമെന്റിന്റെ പെർഫോർമൻസ് വിലയിരുത്തുന്നത്. 2005-06-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ പദ്ധതി തുകയെക്കാൾ 885 കോടി രൂപ കൂടുതൽ 2006-07-ൽ വന്നിരിക്കുകയാണ്. ഈ വർഷം പ്ളാൻ കട്ട് ഇല്ല; വാർഷിക പദ്ധതിയുടെ 80 ശതമാനം തുക ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു; പദ്ധതി ചെലവ് സംബന്ധിച്ച് ചീഫ് സെക്രട്ടറിക്ക് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ലെന്നാണ് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ചോദ്യത്തിന് മറുപടിയായി കൊടുത്തിരിക്കുന്നത്. പക്ഷേ പ്ളാൻ കട്ട് സംബന്ധിച്ച് ചീഫ് സെക്രട്ടറി ഇറക്കിയ സർക്കുലർ നിലനിൽക്കുകയാണ്. ചീഫ് സെക്രട്ടറി ഇറക്കിയ സർക്കുലർ പിൻവലിക്കുന്നതായി ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിക്കണം. ഈ ഗവൺമെന്റിന് കേന്ദ്രഫണ്ട് പോലും കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയുന്നില്ല. എ.ഡി.ബി. വായ്പയിൽ വളരെ തുച്ഛമായ തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വാശ്രയ കോളേജുകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. അതിനെ അതിജീവിച്ചുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത നിലപാടുകൊണ്ടാണ് കേരളത്തിൽ ആയിരക്കണക്കിന് കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് വന്നത്. സ്മാർട്ട്സിറ്റി,

മെട്രോറെയിൽ, എൽ.എൻ.ജി. ടെർമിനൽ തുടങ്ങി ഈ ഗവൺമെന്റ് നടപ്പാക്കുമെന്ന് പറയുന്ന പദ്ധതികളെല്ലാം യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ചവയാണ്. മെട്രോ റെയിൽ പദ്ധതി മാറ്റിവച്ചതുകാരണം 1000 കോടി രൂപയും കെ.എസ്.ടി.പി. നിറുത്തിവച്ചതുകാരണം 120 കോടി രൂപയും തിരുവനന്തപുരം സിറ്റി ഇമ്പ്രൂവ്മെന്റ് പദ്ധതി നിറുത്തിവച്ചതുകാരണം 60 കോടി രൂപയും അധിക ബാധ്യത ഉണ്ടാകുകയാണ്. നാഷണൽ ഹൈവേ പരിഷ്ക്കരണത്തിന് യഥാസമയം നടപടി എടുത്തില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 596 പഞ്ചായത്തുകളിൽ ആശ്രയ സ്കീം നടപ്പിലാക്കിയപ്പോൾ ഈ ഗവൺമെന്റിന് 62 പഞ്ചയാത്തുകളിൽ മാത്രമേ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. 2006-07-ൽ കുടുംബശ്രീക്കുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന 70 കോടി രൂപയിൽ 28 കോടി രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. 2007-08-ൽ തുകയൊന്നും ഇതിനുവേണ്ടി വകകൊള്ളിച്ചിട്ടില്ല. ലക്ഷം വീടുകൾ മാറ്റിപ്പണിയുന്നതിനുവേണ്ടി 5 കോടി രൂപയും ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതിക്കായി 17 കോടി രൂപയും കഴിഞ്ഞ ഗവണ്മെന്റ് വകകൊളളിച്ചിരുന്നുവെങ്കിലും ആ തുക ഇതുവരെ ചെലവഴിച്ചിട്ടില്ല. ദരിദ്രവിഭാഗങ്ങൾക്ക് മൂന്നു രൂപയ്ക്ക് 25 കിലോഗ്രാം അരി കൊടുക്കുന്ന പദ്ധതി മുടങ്ങാതെ നടപ്പാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച തുക കൊടുക്കുകയില്ലെന്ന നിലപാട് മനുഷ്യത്വരഹിതമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദിവാസികൾക്കുവേണ്ടി ഒരു സെന്റ് ഭൂമിപോലും പുതിയതായി കണ്ടുപിടിച്ചിട്ടില്ല. വിലക്കയറ്റംകൊണ്ട് ഈ നാട്ടിലെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. നിയമവാഴ്ച ഉറപ്പുവരുത്തണമെങ്കിൽ പോലീസിന് നിഷ്പക്ഷവും കാര്യക്ഷമവും

സ്വാതന്ത്ര്യവുമായി പ്രവർത്തിക്കാനുള്ള അവസരം ഉണ്ടാകണം. പത്തനംതിട്ട, കുറ്റ്യാടി പോലീസ് സ്റ്റേഷനുകൾ ആക്രമിച്ച സംഭവത്തിലും പയ്യന്നൂരിൽ എസ്.ഐ.യെ പോലീസ് സ്റ്റേഷനിൽ കയറി മർദ്ദിച്ച സംഭവത്തിലും കേസെടുത്തിട്ടില്ല. സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാകണമെങ്കിൽ നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കരുത്. അനധികൃത ഭൂമി കയ്യേറ്റങ്ങൾ പിടിച്ചെടുക്കാൻ രാഷ്ട്രീയ കക്ഷിഭേദമെന്യേ നടപടി സ്വീകരിക്കണം. തോഷിബാ ആനന്ദിന്റെ ഭൂമി വില്പനയുമായി ബന്ധപ്പെട്ട് തൃശ്ശൂർ വിജിലൻസ് കോടതിയിൽ പബ്ളിക്ക് ലിറ്റിഗേഷൻ പെറ്റീഷൻ വന്നപ്പോൾ കോടതി അന്വേഷണത്തിന് ഉത്തരവിട്ടതിനെത്തുടർന്ന് ഗവൺമെന്റിന് ആ ഇടപാട് ക്യാൻസൽ ചെയ്യേണ്ടി വന്നു. ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് പോലും പരിഗണനയിലെടുക്കാതെ എച്ച്.എം.ടി. ഭൂമി വിൽക്കാൻ അവർക്കവകാശമുണ്ടെന്നാണ് കോടതിയിൽ ഈ സർക്കാർ അഫിഡവിറ്റ് സമർപ്പിച്ചിരിക്കുന്നത്. എച്ച്.എം.ടി. ഭൂമി ഇടപാടിനെ സംബന്ധിച്ച് മുഖ്യമന്ത്രി ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> ചെറുകിട കച്ചവടക്കാരെ തൊഴിൽരഹിതരാക്കുന്ന, കുത്തക മുതലാളിത്ത താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന, കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ നയംമൂലമാണ് സംസ്ഥാനത്ത് വിലക്കയറ്റമുണ്ടായ തെന്നിരിക്കെ, അതിനെതിരെ ഒരക്ഷരംപോലും മിണ്ടാതെ, പാവപ്പെട്ടവരുടെ കാര്യത്തിൽ വളരെയധികം വ്യഗ്രത കാണിക്കുന്നവരാണ് തങ്ങൾ എന്നു വരുത്തിതീർക്കാനാണ് പ്രതിപക്ഷം വിലക്കയറ്റത്തെക്കുറിച്ച് അടിയന്തിര പ്രമേയം കൊണ്ടുവന്നത്. പാവപ്പെട്ടവന് ഭൂമി നൽകാൻ ഒരു നടപടിയും കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ആദിവാസികളുടെ കാര്യത്തിൽ

താൽപ്പര്യമുണ്ടെന്നു കാണിക്കുന്ന പ്രതിപക്ഷം ഭരണത്തിലിരുന്ന സമയത്താണ് ആദിവാസിയെ വെടിവച്ചു കൊന്നത്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ മരിച്ചവരുടെ കുടുംബാംഗങ്ങളെ സാന്ത്വനിപ്പിക്കുകയും സഹായിക്കുകയും ചെയ്തു. തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്ന കാര്യത്തിൽ യു.ഡി.എഫ്.-എൽ.ഡി.എഫ്. സർക്കാരുകളുടെ നയങ്ങൾ തികച്ചും വ്യത്യസ്തങ്ങളാണ്. യു.ഡി.എഫ്. ഭരണകാലത്ത് അഴിമതി ആരോപണങ്ങളുടെ പേരിൽ മന്ത്രിമാർക്ക് രാജിവച്ചൊഴിയേണ്ടിവന്നു. . സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ നടന്ന അഴിമതിയെക്കുറിച്ച് സി.ബി.ഐ. അന്വേഷണം വേണമെന്ന് ബോർഡ് ഓഫ് ഡയറക്ടേഴ്സ് ആവശ്യപ്പെട്ടതും പിന്നീട് ജസ്റ്റിസ് മുരളീധരൻ കമ്മീഷൻ സി.ബി.ഐ. അന്വേഷണത്തിന് റെക്കമെന്റ് ചെയ്തതും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അതിന്റെ തുടർനടപടിയാണ് ഇപ്പോൾ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. വിലക്കയറ്റത്തിന്റെ പേരിൽ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിറുത്താൻ ശ്രമിക്കുന്ന പ്രതിപക്ഷത്തിന് വിലക്കയറ്റം തടയുന്നതിനുവേണ്ടി ഒരു നിർദ്ദേശം വയ്ക്കാൻപോലും ഇതുവരെ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിനു ചെയ്യാൻ കഴിയുന്നത് കാർഷിക മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. എന്നാൽ കേരളത്തിലെ കാർഷികമേഖലയിൽ വന്ന മാറ്റം നമുക്കറിവുള്ളതാണ്. 85 ശതമാനവും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നടപ്പാക്കിയത് കേന്ദ്ര സർക്കാരാണ്. ബി.പി.എൽ/എ.പി.എൽ ടാർഗെറ്റഡ് റേഷ്യോ ആക്കിയത് കേന്ദ്ര പ്ളാനിംഗ് ബോർഡിന്റെ തീരുമാനമനുസരിച്ചാണ്. സംസ്ഥാനത്ത് 14 ലക്ഷത്തിൽ താഴെ കുടുംബങ്ങൾ മാത്രമേ ദാരിദ്ര്യ രേഖയ്ക്ക്

താഴെയുള്ളൂവെന്നുള്ള കേന്ദ്ര സർക്കാരിന്റെ കണക്ക് വസ്തുതാപരമല്ല; 20 ലക്ഷത്തിലേറെ കുടുംബങ്ങളുണ്ട്. 14 ലക്ഷം ബി.പി.എൽ.കാർക്ക് വിതരണം ചെയ്യുന്നതിനായി തരുന്ന റേഷൻ വിഹിതമാണ് 20 ലക്ഷം ബി.പി.എൽ.കാർക്കായി കൊടുക്കുന്നത്. ഇക്കാര്യത്തിൽ പ്രതിപക്ഷം മുൻകൈയെടുത്ത്, കേന്ദ്ര സർക്കാരിൽ സ്വാധീനം ചെലുത്തി, സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന ബി. പി. എൽ. കാർക്ക് കൊടുക്കുന്നതിനായി വേണ്ട അരി വിഹിതം ലഭ്യമാക്കിത്തരുകയാണെങ്കിൽ ഗവൺമെന്റ് തീർച്ചയായും വിതരണം ചെയ്യുന്നതാണ്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില താരതമ്യേന കുറവാണ്. 2400 ഔട്ട്‌ലെറ്റുകളിൽകൂടി, ഓപ്പൺ മാർക്കറ്റിലുള്ള വിലയേക്കാൾ 10 മുതൽ 50 ശതമാനം വരെ വിലകുറച്ചാണ് 18 മാസമായി അവശ്യ ഭക്ഷ്യ വസ്തുക്കൾ സംസ്ഥാനത്ത് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്;. അത് ഇനിയും തുടരുന്നതാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മാർക്കറ്റ് ഇന്റർവെൻഷൻ ശക്തമായി നടത്തും. എന്നാൽ ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണം കൂടി സർക്കാരിനാവശ്യമാണ്. കേരളത്തിന്റെ അരിവിഹിതം വെട്ടിക്കുറച്ചതിനെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചു പോരാടാം. ജനകീയ സമരങ്ങളെ അടിച്ചമർത്തുന്ന സമീപനം ഈ ഗവൺമെന്റിനില്ല.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):സർക്കാരിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഭരണപക്ഷത്തു നിന്ന് മാത്രമല്ല പ്രതിപക്ഷത്തു നിന്നും ചില അംഗങ്ങൾ പിന്തുണ നൽകി സംസാരിക്കുകയുണ്ടായി. സർക്കാരിന്റെ പ്രവർത്തനം ആകെ മോശമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമവും ഉണ്ടായി. ആരോഗ്യരംഗത്തെ പിഴവുകൾ

വസ്തുതാപരമായി ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷം തയ്യാറാകണം. ഈ സർക്കാർ വന്നതിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ നയം ആരോഗ്യ രംഗത്ത് നടപ്പിലാക്കുന്നതിനുവേണ്ടി പ്രതിജ്ഞാബദ്ധമായി പ്രവർത്തിച്ചപ്പോൾ ഏറ്റവും വലിയ ഫലമാണ് കാണാൻ കഴിഞ്ഞത്. ശബരിമല സന്നിധാനത്ത് ഒരു മാസം കൊണ്ട് ആശുപത്രിയും ഓപ്പറേഷൻ തീയേറ്ററും നിർമ്മിക്കാൻ ഗവൺമെന്റിനു കഴിഞ്ഞു. ആരോഗ്യമേഖലയിലെ 20,000-ത്തോളം വരുന്ന ഫീൽഡ് സ്റ്റാഫിന്റെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകാനും പി.എസ്. സി. വഴി ഒഴിവുകൾ നികത്താനും ഗവൺമെന്റിനു കഴിഞ്ഞു. സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാനും 50 ശതമാനം പി.എസ്.സി.യിൽ നിന്ന് ഡയറക്ട് റിക്രൂട്ട്മെന്റ് നടത്താനുമുള്ള നീക്കമാണ് നടത്തിയിട്ടുള്ളത്. ഒരു കാരണവശാലും വേക്കൻസി ഫിൽ ചെയ്യാതെ പോകുന്ന പ്രശ്നവുമില്ല, നിയമന നിരോധന ഉത്തരവ് ഇറക്കിയിട്ടുമില്ല

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ):</u> 20 മാസം കൊണ്ട് സഹകരണ നിക്ഷേപം 36,000 കോടിരൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2008 മാർച്ച് വരെയുള്ള കയർത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദേവസ്വം മേഖലയിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. തിരുവിതാംകൂർ മലബാർ ദേവസ്വം ബോർഡുകളിൽ വരുന്ന 6 മാസത്തിനുള്ളിൽ കാതലായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്നതിന് തർക്കമില്ല.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u> ആദിവാസികൾക്ക് വേണ്ടി കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ

ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അദർ ട്രഡീഷണൽ ഫോറസ്റ്റ് ഡ്വെല്ലേഴ്സ് റെക്കഗ്നേഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ് ആക്ട് ആദ്യ സംസ്ഥാനമെന്ന നിലയിൽ നടപ്പിലാക്കുന്ന കേരളത്തിൽ അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 4352 പേർക്ക് പട്ടയം കൊടുക്കാനും, എം.ബി.ബി.എസ്.-ന് 32 എസ്.ടി വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാനും, വിദ്യാഭ്യാസാനുകൂല്യങ്ങൾ 50 ശതമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞു. ഹോസ്റ്റലുകൾ നവീകരിക്കാൻ തീരുമാനമെടുത്തു. വിദ്യാഭ്യാസാനുകൂല്യങ്ങളുടെ കുടിശ്ശിക കൊടുത്തുതീർത്തു. പാവപ്പെട്ട ആദിവാസികൾക്ക് വൈദ്യുതി കണക്ഷൻ നൽകാനും അവരുടെ കുടിശ്ശിക എഴുതിത്തള്ളാനും നടപടി സ്വീകരിച്ചു. ആദിവാസികൾക്കുവേണ്ടി രണ്ട് സ്പെഷ്യലൈസ്ഡ് ആശുപത്രികൾ സ്ഥാപിച്ചതും. സൗജന്യ ചികിത്സാപദ്ധതികൾ ആരംഭിച്ചതു മെല്ലാം ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. കോടതിവിധി വരുന്ന മുറയ്ക്ക് ഏറ്റെടുത്ത ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ദേശീയപാത യുടെ വികസനവുമായി ബന്ധപ്പെട്ട് എൻ.എച്ച് 47, എൻ.എച്ച് 17 എന്നീ പണികൾ നടപ്പിലാക്കുമ്പോൾ പ്രധാനഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രത്യേക പ്രോജക്ടിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. മുടങ്ങിക്കിടക്കുന്ന കെ.എസ്.ടി.പി. റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിച്ച് നിയോജകമണ്ഡലം തിരിച്ച് പുനരാരംഭിക്കുന്നതാണ്. 2008 കണക്കാക്കി എത്രയും പെട്ടെന്ന് റേറ്റ് റിവിഷൻ നടത്തുന്നതാണ്. കരാറുകാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് കുടിശ്ശിക തുക മുഴുവൻ കൊടുത്തുതീർക്കാൻ നടപടി

കൈക്കൊള്ളുന്നതാണ്. തിരുവനന്തപുരം നഗരവികസന പദ്ധതി പ്രവർത്തനം പുന:രാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): ക്ഷേമനിധി പെൻഷൻ കുടിശ്ശികയും ജീവനക്കാരുടെ ഡി.എ. കുടിശ്ശികയും പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിഞ്ഞു. കരാറുകാരുടെ കുടിശ്ശിക സംബന്ധിച്ച് സംഘടനകളുമായി ചർച്ച ചെയ്ത് കൊടുത്തു തീർക്കാവുന്നതാണ്. 1982 മുതലുള്ള പത്രപ്പരസ്യത്തിന്റെ കുടിശ്ശിക ഒറ്റത്തവണയായി തീർപ്പാക്കുന്നതിന് സാധിക്കും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 20 ശതമാനം തുക ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത്രയും തുക വാട്ടർ അതോറിറ്റിയുടേയോ കെ. എസ്.ഇ.ബി.യുടേയോ കുടിശ്ശിക തീർക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. ഇത്രയൊക്കെ ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞത് 700 കോടി രൂപയുടെ പബ്ലിക് ബോറോയിംഗ് കൂടുതൽ നടത്താൻ കഴിഞ്ഞതുകൊണ്ടാണ്. ഇതിന് പദ്ധതി ചെലവ് ആവശ്യമായതുകൊണ്ടാണ് മാർച്ച് മാസം വരെ കാത്തിരിക്കാതെ ഉടൻ പണികൾ നടത്തുന്നതിന് നിർബന്ധിക്കുന്നതിനുവേണ്ടി ഒരു സർക്കുലർ ഇറക്കിയത്. വിലക്കയറ്റം തടയുന്നതിനുവേണ്ടിയുള്ള മാർക്കറ്റ് ഇന്റർവെൻഷന് പരിധിയില്ല. വിലക്കയറ്റം തടയാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് 38 കോടി രൂപയും കൺസ്യൂമർഫെഡിന് 13 കോടി രൂപയും റേഷൻ സബ്സിഡിയായി 116 കോടിരൂപയും കൊടുത്തിട്ടുണ്ട്. 100 കോടിയോളം രൂപ കുടുംബശ്രീയുടെ വിവിധ ജില്ലാമിഷനുകളുടെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുകയാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): മൂന്നു ദിവസം നീണ്ടുനിന്ന നയപ്രഖ്യാപന ചർച്ചയിൽ പ്രതിപക്ഷത്തുനിന്നും ക്രിയാത്മകമായ യാതൊരു നിർദ്ദേശവും ഉണ്ടായിട്ടില്ല.

കണ്ണൂർ വിമാനത്താവളത്തിന് കേന്ദ്രാനുമതി ലഭിച്ചതിൽ കേന്ദ്ര ഗവൺമെന്റി നോട് നന്ദിയുണ്ട്. അതിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പുനരാരംഭിച്ചി ട്ടുണ്ട്. ഇക്കാര്യത്തിൽ പ്രതിപക്ഷ സഹകരണം ഉണ്ടാകണം. അവിടെയുള്ള ജീവനക്കാരുടെ 5 മാസത്തെ ശമ്പള കുടിശ്ശിക കൊടുത്തുതീർക്കാൻ നട പടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ക്രമസമാധാനനില തകർന്നുവെന്ന പ്രതിപക്ഷത്തിന്റെ വാസ്തവ വിരുദ്ധ പ്രചാരവേല ഉപേക്ഷിക്കണം. ഇന്ത്യൻ ഇന്റലിജൻസ് ബ്യൂറോയുടെ പഠന റിപ്പോർട്ടിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാന ങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പോലീസ് സംവിധാനം മെച്ചപ്പെട്ടതാണെന്നാണ് പറയുന്നത്. ഇന്ത്യാ ടുഡേ നടത്തിയ സർവ്വേയിലും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസിന്റെ പഠന റിപ്പോർട്ടിലും ഇത് വ്യക്തമാക്കുന്നുണ്ട്. ഇന്ത്യയിലെ ബെസ്റ്റ് പോലീസ് സ്റ്റേഷനായി തെര ഞ്ഞെടുത്തത് പാലക്കാട് സൗത്ത് പോലീസ് സ്റ്റേഷനാണ്. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി കേരളാ പോലീസ് സംവിധാനത്തെ പ്രകീർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആർ.എസ്.എസ്-നെ പ്രീണിപ്പിക്കാനും മാർക്സിസ്റ്റുകാരെ പ്രകോപിപ്പിക്കാനുമാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ബി.ജെ.പി.യോടും ആർ. എസ്.എസ്. നോടുമുള്ള കോൺഗ്രസ്സുകാരുടെ മൃദുസമീപനം തിരുത്തണം. സംസ്ഥാനത്ത് ക്രമസമാധാനം കൂടുതൽ മെച്ചപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കുറ്റിപ്പുറം, പെരുന്തൽമണ്ണ, തിരൂരങ്ങാടി തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന അക്രമ പ്രവർത്തനങ്ങളിൽ ഗവൺമെന്റ് വേണ്ട രീതിയിൽ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സേലത്ത് ബാങ്ക് കവർച്ച നടത്തിയ പ്രതികളെ പിടികൂടും. അക്രമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മലപ്പുറത്ത് ഉണ്ടായിട്ടുള്ള സ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം

ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് മത-തീവ്രവാദ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ എല്ലാപേരുടെയും സഹകരണം ഉണ്ടാകണം. നിയമം കയ്യിലെടുക്കാൻ ആരെയും ഗവൺമെന്റ് അനുവദിക്കുന്നതല്ല. നിയമാനുസൃതമായിത്തന്നെ പോലീസ് പ്രവർത്തിക്കും. പോലീസ് സ്റ്റേഷനുകളിൽ കയറി പ്രതികളെ മോചിപ്പിക്കുന്ന പ്രവണത തുടരാൻ ഗവൺമെന്റ് അനുവദിക്കുകയില്ല. പ്രതിപക്ഷനേതാവിന് പാലക്കാട് വച്ചുണ്ടായ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഐ.ജി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അദ്ദേഹം സഞ്ചരിച്ച കാറിനുണ്ടായ കേടുപാടുകൾ സംബന്ധിച്ച് പി.ഡി.പി.പി. (Prevention of Distroying Public Property Act) അനുസരിച്ച് കേസ് എടുത്തിട്ടുണ്ട്. കോട്ടയത്ത് മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിനിടെ ഉണ്ടായ അക്രമ സംഭവത്തെ സംബന്ധിച്ചും കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ പാർട്ടിയിൽപ്പെട്ട നേതാക്കൾക്കും നിയമാനുസൃതം സഞ്ചരിക്കാനും രാഷ്ട്രീയ പ്രവർത്തനം നടത്താനും സ്വാതന്ത്ര്യമുണ്ട്. അതിനെ തടസ്സപ്പെടുത്തുന്നവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കും. അക്കാര്യത്തിൽ വീഴ്ച വരുത്തുകയില്ല. നിയമവാഴ്ചയുള്ള സംസ്ഥാനമെന്ന നിലയിൽ ഗവൺമെന്റ് വേണ്ട രീതിയിൽ പ്രവർത്തിക്കും. നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച കമ്മ്യൂണിറ്റി പോലീസ് സിസ്റ്റം സംസ്ഥാനത്ത് നടപ്പാക്കും. പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഇതിനോട് സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ അതിനായി സ്ഥലം തെരഞ്ഞെടുത്തിട്ടുണ്ട്. നല്ലൊരു സിസ്റ്റമായി ഇത് കൊണ്ടുവരും. 500 വീടുകൾക്ക് ഒരു ബീറ്റ് പോലീസിനെ

ഏർപ്പെടുത്തിക്കൊണ്ടുള്ള പുതിയ സംരംഭം വരുകയാണ്. ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിലുള്ള കാര്യങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. പയ്യന്നൂരിലുണ്ടായ സംഭവവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്. പത്തനംതിട്ട, കുറ്റ്യാടി തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>) : നന്ദി പ്രമേയത്തിന്മേൽ പ്രതിപക്ഷം നടത്തിയ വിമർശനങ്ങൾ ഹീനമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കേന്ദ്രത്തിലെ യു.പി.എ. ഗവൺമെന്റുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊന്നും ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് മുൻകയ്യെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെല്ലാം യു.ഡി.എഫ്. മുൻകൈ എടുത്ത് നടപ്പിലാക്കിക്കൊണ്ടിരുന്ന പദ്ധതികളാണെന്നുള്ള അവകാശവാദം ശരിയല്ല. യു.ഡി.എഫ്. ഭരണകാലത്ത് പ്രാവർത്തികമാകാത്ത റെയിൽവേ കോച്ച് ഫാക്ടറി ജനപ്രതിനിധികളുടെയും കേന്ദ്ര റെയിൽവേ മന്ത്രിയുടെയും ശ്രമഫലമായി ഇപ്പോൾ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം വിമാനത്താവളത്തോടൊപ്പം പുതുതായി ഒരു എയർ ക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റ് വരുകയാണ്. അതിലൂടെ കുറേപേർക്ക് തൊഴിൽ ലഭിക്കും. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെപ്യ്സ് ടെക്നോളജി പ്രാവർത്തികമാക്കാൻ പോകുകയാണ്. കൊല്ലം-കോട്ടപ്പുറം ജലപാത പൂർണ്ണ രൂപത്തിലെത്തത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. നീലേശ്വരം മുതൽ കോവളം വരെയുള്ള റോഡ് മാർഗ്ഗത്തിന് സമാന്തരമായ ജലപാത മൂന്ന് കൊല്ലത്തിനുള്ളിൽ പൂർത്തിയാകും. സുപ്രീംകോടതി വിധി ഡിഫന്റ് ചെയ്തുകൊണ്ട്

അനുകൂലമായി വിധി ലഭ്യമാക്കി മൂന്നാറിലെ ഭൂമി ഏറ്റെടുത്ത് ഭൂരഹിതരായ പാവപ്പെട്ടവർക്ക് നൽകും. സർക്കാരിന്റെ ആവശ്യത്തിനുവേണ്ടിയും പുതിയ വ്യവസായ സംരംഭങ്ങൾക്കുമായി ഈ ഭൂമി വിനിയോഗിക്കും. ഈ ഗവൺമെന്റിന്റെ പ്രവർത്തനശൈലിയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ പ്രതിപക്ഷത്തിന് ചൂണ്ടിക്കാണിക്കാം. ക്രിയാത്മക പ്രതിപക്ഷമെന്ന് അവകാശപ്പെടുന്നവർ സഹകരിച്ച് സഭയിൽ അവതരിപ്പി ക്കാൻ പോകുന്ന നെൽവയൽ- നീർത്തട സംരക്ഷണ ബിൽ പാസ്സാക്കിയാൽ സംസ്ഥാനത്ത് നെല്ലുൽപ്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കാൻ കഴി യും. പാലക്കാട്, കുട്ടനാട്, തൃശ്ശൂർ തുടങ്ങിയ സ്ഥലങ്ങളിലെ കോൾനിലങ്ങൾ പത്തുവർഷത്തിന് മുമ്പുള്ളതിനെക്കാൾ നാലിലൊന്നായി കുറഞ്ഞിരിക്കുകയാണ്. നെല്ല് ഉൽപ്പാദനം വർദ്ധിപ്പിച്ചാൽ മാത്രമേ വിലക്ക യറ്റം നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. നിലങ്ങൾ സംരക്ഷിക്കാനും തരിശ് ഭൂമികൾ കൃഷി യോഗ്യമാക്കാനും കഴിഞ്ഞാൽ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയായി മാറ്റാനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും സാധിക്കും. പച്ചക്കറി, മുട്ട, പാൽ എന്നിവയുടെ ഉൽപ്പാദനവും വർദ്ധിപ്പിക്കേണ്ടതുണ്ട്. എല്ലാ വീടുകളിലും പച്ചക്കറി വിത്തുകളുടെ കിറ്റുകൾ നൽകി അടുക്കളത്തോട്ടം ഉണ്ടാക്കിയാൽ ആവശ്യമായ പച്ചക്കറി സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കും; കുടുംബങ്ങൾക്ക് ഒരു വരുമാന മാർഗ്ഗവുമാകും. കുടിൽ വ്യവസായങ്ങളേയും ഐ.ടി. വ്യവസായങ്ങളെയും പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം പച്ചക്കറി കൃഷിയെയും പശുവളർത്തലിനെയും പ്രോൽസാഹിപ്പിക്കണം. അതിന് പ്രതിപക്ഷത്തിന്റെ സഹകരണം പ്രതീക്ഷിക്കുന്നു. ഭൂമി സംബന്ധമായ കേസ്സുകൾ കോടതിയിൽ വരുമ്പോൾ സത്യവാങ്മൂലം സമർപ്പിക്കേണ്ടത്

റവന്യൂ ഡിപ്പാർട്ട്മെന്റാണോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. എച്ച്.എം.ടി. ഭൂമി ഇടപാട് സംബന്ധിച്ച് അടിയന്തിരപ്രമേയാവതരണവേളയിൽ ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞതാണ്. സത്യത്തിനുവേണ്ടിയുള്ള നിലപാടായിരിക്കും കേരളാ ഗവണ്മെന്റ് കോടതിയിൽ സ്വീകരിക്കുക എന്നതാണ് അതു സംബന്ധിച്ച് പറയാനുള്ളത്. കോടതി സംസ്ഥാനത്തെ ജനങ്ങളേയും ഗവണ്മെന്റിനേയും പിന്തുണയ്ക്കും എന്നു തന്നെയാണ് വിശ്വസിക്കുന്നത്. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(എച്ച്.എം.ടി. ഭൂമി ഇടപാട് സംബന്ധിച്ചുള്ള ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം മുദ്രാവാക്യം മുഴക്കിക്കൊണ്ട് തുടർന്നുള്ള നടപടികൾ ബഹിഷ്ക്കരിച്ചു.)

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച നന്ദിപ്രമേയം സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.14-ന് പിരിഞ്ഞു.

***************